കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# തേങ്കുറിശ്ശി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

e-mail: auditlfdopkd@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-പികെഡി15/2291/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

തീയതി: -12.12.2018

ഡെപ്യൂട്ടി ഡയറക്ടർ -2018

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

തേങ്കുറിശ്ശി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തേങ്കുറിശ്ശി ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തേങ്കുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3) കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-പികെഡി15/2291/2018 തീയ്യതി: 12.12.2018

## പാലക്കാട് ജില്ലയിലെ തേങ്കുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ തേങ്കുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 24-06-2017 മുതൽ തിയതി 20-10-2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതാത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | മേരി ഹണി ജോസഫ്<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22-10-2018 മുതൽ<br>31-10-2018 വരെ |

| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
|---|---|
| ശ്രീ. കെ.വി അരവിന്ദാക്ഷൻ | ഓഡിറ്റ് ഓഫീസർ |
| ശ്രീ.കെ.സി.ഹരിഗോബിന്ദ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി. പി.സരിത | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീമതി. സി.രാജേശ്വരി | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. ഇന്ദിര.സി | 01.04.17 മുതൽ 31.03.18 വരെ |
| സെക്രട്ടറി | ശ്രീ. ദിനേഷ്.കെ | 01.04.17 മുതൽ 31.03.18 വരെ |

(സി)നിർവ്വഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി. ആഷ. ആർ | 1.04.17മുതൽ 31.07.17വരെ |
| | ശ്രീമതി.വസന്ത.ആർ | 1.08.17മുതൽ 31.03.18വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.ശാന്തിനി. എസ്.വിജയൻ | 1.04.17മുതൽ 27.06.17വരെ |
| | ശ്രീമതി. സിനി. എസ് | 28.06.17മുതൽ 25.10.17 വരെ |
| | ശ്രീ. ശശികുമാർ.കെ | 26.10.17മുതൽ 31.03.18 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ. കെ. എസ്. മഹി | 1.04.17മുതൽ 20.04.17 വരെ |
| | ഡോ.ശ്രീകാന്ത്.പി.കെ | 21.04.17മുതൽ 31.03.18വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | ഡോ. ഗീതാറാണി.ടി, സീനിയർ മെഡിക്കൽ ഓഫീസർ | 1.04.17മുതൽ 16.07.18വരെ |
| | ഡോ. സുവിജ | 17.07.18 മുതൽ 31.03.18 വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ.ലസ്നാ സാഹിബ് | 1.04.17 മുതൽ 12.06.17 വരെ |
| | ഡോ. മിനി.കെ.പി | 13.06.17മുതൽ 31.03.18വരെ |
| പ്രധാന അധ്യാപിക | ശ്രീമതി.ഉഷ.എൻ.ആർ | 1.04.17 മുതൽ 31.03.2018വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് I | ശ്രീ. ലാലു കെ | 1.04.17 മുതൽ 31.03.18വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് II | ശ്രീ. മനോജ്.എം | 1.04.17 മുതൽ 31.03.2018വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.പാർവ്വതി.പി | 01.04.17 മുതൽ 31.03.18 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. കെ.കിഷോർ | 1.04.17 മുതൽ 31.03.18 വരെ |
| ക്ഷീരവികസന ഓഫീസർ | ശ്രീ. അജയൻ.എസ് | 1.04.17 മുതൽ 31.07.17 വരെ |
| | ശ്രീമതി.ജയലക്ഷ്മി.കെ | 1.08.17 മുതൽ 31.03.18 വരെ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

തേങ്കുറുശ്ശി ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ബജറ്റ് 29.03.17 ലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. മുൻബാക്കി ഉൾപ്പെടെ ആകെ വരവ് 171696993.05 രൂപയും ആകെ ചെലവ് 165344200 രൂപയുമാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2018 | 22.05.2018 |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 11.07.18,12.07.18 | നം.കെ.എസ്.എ /പി.കെ.ഡി 21/ 1904(61)/18 തീയതി 29.08.18 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 14646298.54 |
| വരവ് | 74081588 |
| ആകെ | 88727886.54 |
| ചെലവ് | 83263920 |
| നീക്കിയിരിപ്പ് | 5463966.54 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 16750000 | 16750000 | 16730986 | 19014 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 16468937 | 16468937 | 15434388 | 1034549 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്,റോഡ് (ACR പ്രകാരം) | 0 | 6782000 | 6782000 | 6164205 | 617795 |

| | | | | | | |
|---|---|---|---|---|---|---|
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 3620000 | 3620000 | 3533020 | 86980 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 7867035 | 7867035 | 7856633 | 10402 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | 0 | 1914898 | 1914898 | 1793550 | 121348 |
| സാക്ഷരത | | 6 | 24000 | 24006 | 24000 | 6 |
| എം.ജി.എൻ. ആർ.ഇ.ജി. എസ് | തൊഴിലാളികളുടെ കൂലി | 0 | 13908894 | 13908894 | 13908894 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 1471.54 | 980918+ 14000 (സംസ്ഥാന വിഹിതം) | 996389.54 | 996342 | 47.54 |
| സംസ്ഥാനാ വിഷ്കൃത ഫണ്ടുകൾ | എസ്.സി. കോർപ്പസ് ഫണ്ട് | 0 | 498000 | 498000 | 498000 | 0 |
| | കേരളോത്സവം | 0 | 20000 | 20000 | 20000 | 0 |
| | വിമുക്തി | 16725 | 12500 | 12500 | 3625 | 25600 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | ഐ.സി.ഡി.എസ് | 1882542 | 1127132 | 3009674 | 769493 | 2240181 |
| | ടി.എസ്.സി | 476177 | 1042147 | 1518324 | 455000 | 1063324 |
| ബി ഫണ്ട് | തൊഴിലില്ലായ്മ വേതനം | 0 | 63120 | 63120 | 63120 | 0 |
| | വിധവകളുടെ പെൺമക്കൾ ക്കുള്ള വിവാഹ ധനസഹായം | 0 | 390000 | 390000 | 390000 | 0 |
| | നെൽകൃഷി- ഉല്പാദന ബോണസ് | 0 | 950590 | 950590 | 950590 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 1026800 | 1026800 | 1026798 | 2 |
| | ജില്ലാ പഞ്ചായത്ത് | 15000 | 0 | 0 | 0 | 15000 |
| തനത് ഫണ്ട് | കാനറാ ബാങ്ക് അക്കൗണ്ട്* | 7317989 | 7643293 | 14961282 | 12281039 | 2680189 |
| | എസ്.ബി.ടി-ഇ-പെയ്മെന്റ് | 3833 | 16471 | 20304 | 2397 | 17907 |

| | | | | | | |
|---|---|---|---|---|---|---|
| | അക്കൗണ്ട് | | | | | |
| | ട്രഷറി അക്കൗണ്ട് | 4345950 | 10639523 | 14985473 | 14463394 | 522079 |

(*) തനത് ഫണ്ട് കാനറാ ബാങ്ക് അക്കൗണ്ട് – ICDS കേന്ദ്രഫണ്ട് ഇനത്തിൽ ലഭ്യമായ 2954020 രൂപ മുന്നിരിപ്പിൽ ഉൾപ്പെടുത്തിയിട്ടില്ല. തൻവർഷം ഈ ഇനത്തിൽ 713839 രൂപ ചെലവും ഉണ്ട്.

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പൂർണ്ണമായും നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 190 | 78337171 | 113 | 54241100 | 26 | 51 | 59.4 % |

| നിർവ്വഹണോദ്യോഗസ്ഥൻ | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | 34669896 | 21823501 | 62.9 |
| സെക്രട്ടറി | 4674194 | 4239200 | 90.7 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 10521450 | 8761650 | 83.3 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 964384 | 199998 | 20.7 |
| മെഡിക്കൽ ഓഫീസർ,പി.എച്ച്.സി | 904234 | 724312 | 80 |
| മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 980000 | 980000 | 100 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 4845000 | 4274407 | 88.2 |
| പ്രധാന അധ്യാപിക | 997268 | 996157 | 99.9 |
| കൃഷി ഓഫീസർ | 10740000 | 5916800 | 55 |
| വെറ്ററിനറി സർജൻ | 4175345 | 1484335 | 35.5 |
| അസിസ്റ്റന്റ് സെക്രട്ടറി | 4865400 | 4840740 | 99.5 |

കൃഷി ഓഫീസർ, വെറ്ററിനറി സർജൻ, ക്ഷീര വികസന ഓഫീസർ എന്നിവർ ഒഴികെയുള്ള എല്ലാ നിർവ്വഹണോദ്യോഗസ്ഥരും അടങ്കൽ തുകയുടെ 60 % ത്തിലും അധികം ചെലവഴിച്ചിട്ടുണ്ട്. കാർഷിക മേഖലയിലെ സ്വയംപര്യാപ്തത എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി കാർഷിക മേഖലയിലും അനുബന്ധമായ മൃഗസംരക്ഷണ മേഖലയിലും ഫലപ്രദമായ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനും വകയിരുത്തിയ മുഴുവൻ തുകയും ലഭ്യമാക്കുന്നതിനും ചെലവഴിക്കുന്നതിനും ശ്രമിക്കേണ്ടതാണ്.

സർക്കാർ ഉത്തരവ് ജി.ഒ (എം.എസ് ) 10/17 തീയതി 09.01.2017 പ്രകാരം ആസൂത്രണസമിതി രൂപീകരിച്ചിട്ടുണ്ടെങ്കിലും തൃപ്തികരമായ വിധത്തിൽ ഗ്രാമപഞ്ചായത്തിന്റെ പദ്ധതി ആസൂത്രണം നിർവ്വഹണം വിലയിരുത്തൽ പ്രവർത്തനങ്ങളെ സഹായിക്കുന്നതിന് ആസൂത്രണസമിതിക്ക് സാധ്യമായിട്ടില്ല. ആസൂത്രണസമിതിയുടെയും വർക്കിംഗ് ഗ്രൂപ്പുകളുടെയും പ്രവർത്തനം കാര്യക്ഷമമല്ലാത്തതിനാൽ ഗുരുതരമായ സാമ്പത്തിക ക്രമക്കേടിന് വരെ ഇടയാക്കിയിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങളെ സമയക്രമമനുസരിച്ച് ഏകോപിപ്പിക്കുന്നതിനും അവസ്ഥാ രേഖയിൽ പ്രതിപാദിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമാകുന്ന പ്രോജക്ട് നിർദ്ദേശങ്ങൾ നൽകുന്നതിൽ വർക്കിംഗ് ഗ്രൂപ്പുകളെ സഹായിക്കുന്നതിലേക്കും ഗ്രാമപഞ്ചായത്തിന്റെ വികസന പരിപ്രേക്ഷ്യത്തിന് രൂപം നൽകുന്നതിന് ഭരണ നിർവ്വഹണാധികാരികളെ സഹായിക്കുന്നതിലേക്കും ആസൂത്രണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. പ്രോജക്ടുകൾക്ക് ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭ്യമായതിനുശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതിയായി പ്രവർത്തിച്ച് പദ്ധതി പ്രവർത്തനങ്ങളുടെ ഓരോ ഘട്ടങ്ങളും വിലയിരുത്തുന്നതിലേക്കും ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 0 | 13908894 | 13908894 | 13908894 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 1471.54 | 980918+ 14000 (സംസ്ഥാന വിഹിതം) | 996389.54 | 996342 | 47.54 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 63120 | 126 |
| കർഷകതൊഴിലാളി പെൻഷൻ | 12558500 | 1049 |
| വിധവാ പെൻഷൻ | 13791300 | 1176 |
| വാർദ്ധക്യകാലപെൻഷൻ | 17368000 | 1449 |
| വികലാംഗപെൻഷൻ | 3626500 | 333 |
| അവിവാഹിത പെൻഷൻ | 680500 | 82 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 390000 | 13 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.10.18 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5014 രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണ സംവിധാനം

- ഫ്രണ്ട് ഓഫീസ് സംവിധാനം മികച്ച രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. ലഭിക്കുന്ന തപാലുകൾ സമയബന്ധിതമായി സെക്ഷനുകൾക്ക് കൈമാറുകയും അവ നിശ്ചിത സമയപരിധിക്കകം തീർപ്പു കല്പിക്കുകയും ചെയ്യുന്നുണ്ട്. രേഖകൾ ക്രമ പ്രകാരം സൂക്ഷിക്കുന്നതിനും പഞ്ചായത്ത് ശ്രദ്ധ ചെലുത്തിയിട്ടുണ്ട്.
- വിതരണം ചെയ്യുന്ന രസീതി പുസ്തകങ്ങളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് എഴുതി സൂക്ഷിക്കുന്നില്ല. റദ്ദാക്കുന്ന രസീതികൾ കാരണം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.
- പഞ്ചായത്തു പരിധിയിലെ തൊഴിൽനികുതി ഒടുക്കാൻ ബാധ്യസ്ഥരായ

എല്ലാവരിൽ നിന്നും നികുതി ഈടാക്കാൻ പഞ്ചായത്തിനു കഴിഞ്ഞിട്ടില്ല.

- വസ്തുനികുതി ഡിമാന്റ് ചെയ്യുന്നതിൽ നിന്നും ഒഴിവാക്കിയ 64 കെട്ടിടങ്ങളുടെ അപേക്ഷയോ അന്വേഷണ റിപ്പോർട്ടുകളോ ലഭ്യമാക്കാതെയാണ് നികുതി ഒഴിവാക്കി നൽകിയത്. ആയത് ആഭ്യന്തര നിയന്ത്രണത്തിലെ പാളിച്ചയാണെന്ന് വിലയിരുത്തുന്നു. ഹോംസ്റ്റേ ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് പാർപ്പിടാവശ്യത്തിന്റെ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചു നൽകിയതും ആഭ്യന്തര നിയന്ത്രണത്തിലെ പാകപ്പിഴയാണ്.

- സമ്പൂർണ്ണ കക്കൂസ് നിർമ്മാണം എന്ന പദ്ധതിക്കു വേണ്ടിയുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റ് ഭരണ സമിതി അംഗീകരിക്കാതെ അവ നടപ്പിലാക്കുന്നതിനു വേണ്ടിയുള്ള പദ്ധതി തുക വി.ഇ.ഒ യ്ക്ക് നൽകിയതും ആഭ്യന്തര നിയന്ത്രണത്തിലെ പാളിച്ച വ്യക്തമാക്കുന്നു.

- ടെന്റർ ഫോറങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യമാക്കി സൂക്ഷിച്ചിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 6.10.2018 | 1.09.18 മുതൽ 30.09.18 വരെ | ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 1.04.2011 മുതൽ 16.04.2011 വരെ | 2006-07 മുതൽ 2010-11 വരെ | 18.05.2011 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

2017-18 വാർഷിക കണക്കുകളുടെ ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്. ഓഡിറ്റ് സർട്ടിഫിക്കറ്റിൽ സൂചിപ്പിച്ചതൊഴികെ മറ്റ് അപാകതകൾ ഇല്ല.

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 രസീതി പുസ്തകങ്ങൾ കൈകാര്യം ചെയ്യുന്നതിലെ അപാകതകൾ

24.6.2017 മുതൽ 6.10.2018 തിയ്യതി വരെയുള്ള കാലയളവിലെ രസീതി പുസ്തകങ്ങളിലൂടെയുള്ള പണം പിരിവ് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

1. രസീതി പുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം നിർവ്വഹണോദ്യോഗസ്ഥർ ഉൾപ്പെടെ ഇഷ്യൂ ചെയ്തിട്ടുള്ള രസീതി പുസ്തകങ്ങളിലൊന്നും സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
2. റദ്ദാക്കുന്ന രസീതികളിൽ കാരണം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
3. സാമ്പത്തിക വർഷം അവസാനിച്ചാൽ അവശേഷിക്കുന്ന രസീതികൾ ക്യാൻസൽ ചെയ്ത് ഉപയോഗശൂന്യമാക്കുന്നതിനും മറ്റു നിർവ്വഹണോദ്യോഗസ്ഥർക്ക് നൽകിയിട്ടുള്ള രസീതി പുസ്തകങ്ങൾ സാമ്പത്തിക വർഷം കഴിയുമ്പോൾ പഞ്ചായത്തിൽ തിരികെ ഏൽപിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.8/15-10-2018) മറുപടിയിൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

- ഇഷ്യൂ ചെയ്യുന്ന മുഴുവൻ രസീതി പുസ്തകങ്ങളിലും സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് തയ്യാറാക്കി സാക്ഷ്യപ്പെടുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.
- റദ്ദാക്കുന്ന രശീതികളിൽ കാരണം രേഖപ്പെടുത്തി സെക്രട്ടറി/ നിർവ്വഹണോദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തേണ്ടതാണ്.
- സാമ്പത്തിക വർഷാവസാനം ഉപയോഗിക്കാത്ത രസീതികൾ റദ്ദാക്കി നിർവ്വഹണോദ്യോഗസ്ഥർക്കു നൽകിയതുൾപ്പെടെ പഞ്ചായത്തിൽ തിരികെ ഏൽപിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.
- ഓരോ ദിവസത്തേയും വരവിന്റെ കൃത്യത ഉറപ്പാക്കുന്നതിൽ മേലുദ്യോഗസ്ഥർ

ശ്രദ്ധിക്കേണ്ടതും ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-2 ഹോംസ്റ്റേ ഉപയോഗത്തിലുള്ള കെട്ടിടത്തിന് പാർപ്പിടാവശ്യത്തിനുള്ള നിരക്കിൽ വസ്തുനികുതി ഈടാക്കുന്നു

സ.ഉ(അ)നം.36/2015/ത.സ്വ.ഭ.വ, തിയതി: 24-2-2015 പ്രകാരം സ്വകാര്യ ഹോസ്റ്റൽ, ഹോം സ്റ്റേ എന്നീ ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങളുടെ വസ്തു നികുതി നിരക്ക് സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. ആയതു പ്രകാരം ഒരു ഗ്രാമപഞ്ചായത്തിന് ചതുരശ്ര മീറ്ററിന് 30 മുതൽ 60രൂപ വരെയുള്ള നിരക്ക് ഏർപ്പെടുത്താവുന്നതാണ്. വസ്തുനികുതിയുമായി ബന്ധപ്പെട്ട സഞ്ചയ സോഫ്റ്റ്‌വെയറിലെ നികുതിനിരക്ക് വിവരങ്ങൾ പരിശോധിച്ചതു പ്രകാരം സ്വകാര്യ ഹോസ്റ്റൽ/ഹോംസ്റ്റേ, എന്ന ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങൾക്ക് ചതുരശ്രമീറ്ററിന് 45രൂപ വസ്തുനികുതി നിരക്ക് ഗ്രാമപഞ്ചായത്തിൽ നിശ്ചയിച്ചിട്ടുണ്ട്. സഞ്ചയയിലെ കെട്ടിടങ്ങളുടെ വിവരങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ ഈ വിഭാഗത്തിലുള്ള കെട്ടിടങ്ങൾ ഇല്ല എന്നാണ് കാണാൻ കഴിഞ്ഞത്. എന്നാൽ കേരള വിനോദസഞ്ചാര വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിലെ (https://www.keralatourism.org/where-to-stay) വിവരങ്ങൾ പരിശോധിച്ചതിൽ *കേരള വിനോദസഞ്ചാര വകുപ്പിനു കീഴിൽ ഹോംസ്റ്റേ ആവശ്യത്തിനായി രജിസ്റ്റർ ചെയ്തിട്ടുള്ള അംഗീകൃത സ്ഥാപനങ്ങളുടെ പട്ടികയിൽ തേങ്കുറിശ്ശി ഗ്രാമപഞ്ചായത്ത് പരിധിയിലെ “കണ്ടാത്ത് തറവാട് “എന്ന സ്ഥാപനം ഉൾപ്പെട്ടിട്ടുണ്ട് എന്ന് ബോധ്യപ്പെട്ടു.* ഹോംസ്റ്റേയ്ക്കായി വിവിധ വിഭാഗങ്ങളിലുള്ള താരിഫ് വിവരങ്ങൾ ഉൾപ്പെടെയാണ് മേൽ സ്ഥാപനത്തെ വെബ്സൈറ്റിൽ രേഖപ്പെടുത്തിയിട്ടുള്ളത്. കൂടാതെ *കണ്ടാത്ത് തറവാട് എന്ന പേരിലുള്ള കെട്ടിടത്തിൽ ലഭ്യമാകുന്ന സൗകര്യങ്ങളുടെ വിശദാംശങ്ങൾ പ്രസ്തുത സ്ഥാപനത്തിന്റെ http://tharavad.info/new/ എന്ന ഔദ്യോഗിക വെബ്സൈറ്റിലും വിശദമാക്കിയിട്ടുണ്ട്.*

സഞ്ചയ പ്രകാരമുള്ള വസ്തുനികുതി നിർണ്ണയ വിവരങ്ങൾ, 2017-18 വർഷത്തെ വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ എന്നിവയിലെ വിവരങ്ങൾ പ്രകാരം താഴെ പറയുന്ന കെട്ടിടത്തിന്റെ അനുബന്ധ വിവരങ്ങൾ പരിശോധിച്ചതിൽ മേൽ സ്ഥാപനത്തിന്റെ പേരിൽ വിലാസം രേഖപ്പെടുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| കെട്ടിട നം. | കെട്ടിട ഉടമ, | കെട്ടിടത്തിന്റെ ഉപയോഗം | തറവിസ്തീർണ്ണം (ച.മീ) | നിർണ്ണയിച്ചിട്ടുള്ള വസ്തുനികുതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | വിലാസം | | | |
| 3/32 | വിഷ്ണു, കണ്ടാത്ത് കളം, ഇലമന്ദം, തേങ്കുറിശ്ശി | പാർപ്പിടാവശ്യം | 688 | 402+21(LC) |

ഗ്രാമപഞ്ചായത്ത് പരിധിയിൽ ഇത്തരത്തിൽ ഒരു സ്ഥാപനം സർക്കാർ അംഗീകൃത ഹോംസ്റ്റേ രജിസ്ട്രേഷനോടുകൂടി പ്രവർത്തിക്കുമ്പോൾ സഞ്ചയ പ്രകാരം ഹോംസ്റ്റേ വിഭാഗത്തിൽ യാതൊരു കെട്ടിടങ്ങളും ഉൾപ്പെട്ടിട്ടില്ലാത്തതും മേൽ കെട്ടിടത്തിന് പാർപ്പിടാവശ്യത്തിനുള്ള നിരക്കിൽ വസ്തുനികുതി ഈടാക്കുന്നത് അംഗീകരിക്കാവുന്നതല്ല.

സ്ഥാപനത്തിൽ ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങളുടെയും താരിഫിന്റെയും വിശദാംശങ്ങൾ മേൽ ഔദ്യോഗിക വെബ്സൈറ്റുകളിൽ നിന്നും ലഭ്യമായത് താഴെ ചേർക്കുന്നു.









## Tariff

| ROOM NAME/TYPE | SINGLE | DOUBLE | MEAL PLAN |
|---|---|---|---|
| From 01 May 2018 to 30 Apr 2019 | | | |
| STANDARD | ₹ 5000 | ₹ 5000 | CP |
| MINI SUITE | ₹ 6495 | ₹ 6495 | CP |
| DELUXE SUITE | ₹ 7495 | ₹ 7495 | CP |

**AI** - All-Inclusive • **AP** - American Plan • **BB** - Bed & Breakfast • **CP** - Continental Plan • **EP** - European Plan • **FA** - Family American Plan • **FP** - Family Plan • **HB** - Half Board • **MAP** - Modified American Plan •

വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണത്തിന്റെ (നം.10/27-10-2018) മറുപടിയിൽ "പ്രസ്തുത കെട്ടിടം ഹോംസ്റ്റേയ്ക്കായി ഉപയോഗിച്ച് വരുന്നത് മുൻപ് ശ്രദ്ധയിൽപെട്ടിട്ടില്ല. നിലവിൽ ഹോം സ്റ്റേ അയി ഉപയോഗിച്ച് വരുന്നതായി അന്വേഷണത്തിൽ അറിഞ്ഞു, ഉടൻ നികുതി ഈടാക്കി വിവരം അറിയിക്കുന്നതാണ് എന്നാമാണ്" അറിയിച്ചിട്ടുള്ളത്.

ഹോംസ്റ്റേ ഉപയോഗക്രമത്തിനുള്ള വസ്തുനികുതി നിരക്ക് നിലവിൽ വന്നതിനു ശേഷം പഞ്ചായത്തിന്റെ തനതു വരുമാനത്തിൽ വർഷം തോറും ഉണ്ടായിക്കൊണ്ടിരിക്കുന്ന ഏറ്റവും കുറഞ്ഞ വരുമാന ചോർച്ച പ്രസ്തുത കെട്ടിടത്തിന്റെ ഫോറം 6 – ലെ വസ്തുനികുതി നിർണ്ണയ വിവരങ്ങൾ അടിസ്ഥാനമാക്കി കണക്കാക്കിയിട്ടുള്ളത് താഴെ

ചേർക്കുന്നു.

| | |
|---|---|
| ആകെ തറ വിസ്തീർണ്ണം | 688 ച.മീ |
| ഹോംസ്റ്റേയ്ക്ക് നിശ്ചയിച്ചിട്ടുള്ള നിരക്ക് | 1 ച.മീറ്ററിന് 45 രൂപ |
| കെട്ടിടത്തിന് നിശ്ചയിക്കാവുന്ന അടിസ്ഥാന വസ്തുനികുതി | 30960രൂപ |
| വസ്തുനികുതിയിൽ നൽകിയിട്ടുള്ള വർദ്ധനവ് - 20% (വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ)* | 6192 രൂപ |
| വസ്തുനികുതിയിൽ നൽകിയിട്ടുള്ള ഇളവ് - 50% (കാലപ്പഴക്കത്തിന്റെ അടിസ്ഥാനത്തിൽ)* | 15480 രൂപ |
| നിശ്ചയിക്കാവുന്ന വാർഷിക വസ്തുനികുതി** | 21672 രൂപ |

**പാർപ്പിടാവശ്യത്തിന് നൽകിയ വർദ്ധനവും ഇളവുകളുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്*

*** ഇളവുകളും വർദ്ധനവുകളും പാർപ്പിടാവശ്യത്തിന് നൽകിയിരുന്നവയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. എയർകണ്ടീഷനിംഗ് സൗകര്യം, തറയുടെ തരം മുതലായവ പരിശോധനാ വിധേയമാക്കേണ്ടതാണ്.*

സ്ഥാപനം ഏതു വർഷം മുതൽ ഈ ആവശ്യത്തിനായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട് എന്ന് വ്യക്തമല്ല. ആയതിനാൽ ഈ വിഷയത്തിൽ ആവശ്യമായ അന്വേഷണം നടത്തി ഹോംസ്റ്റേ ഉപയോഗക്രമത്തിനുള്ള നിരക്കിൽ അടിസ്ഥാന വസ്തുനികുതി കണക്കാക്കി കൃത്യമായ വർദ്ധനവുകളും ഇളവുകളും ഉൾപ്പെടുത്തി പ്രസ്തുത കെട്ടിടത്തിന്റെ വസ്തുനികുതി പുനർനിർണ്ണയിച്ച് കുടിശ്ശികയുൾപ്പെടെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 പൊളിച്ചുമാറ്റിയ കെട്ടിടങ്ങളുടെ വസ്തുനികുതി ഒഴിവാക്കുമ്പോൾ നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്

ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ വിവിധ തിയ്യതികളിലെ യോഗങ്ങളിൽ ഗ്രാമപഞ്ചായത്ത് പരിധിയിലെ പൊളിഞ്ഞു കെട്ടിടങ്ങൾ, താമസയോഗ്യമല്ലാത്തവ, പൊളിച്ചുമാറ്റി പുതിയ കെട്ടിടം നിർമ്മിച്ച് നമ്പർ നൽകിയവ എന്നീ വിഭാഗങ്ങളിലെ കെട്ടിടങ്ങളുടെ വസ്തുനികുതി ഒഴിവാക്കുന്നതിന് തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്. വിവിധ യോഗങ്ങളുടെയും, ഒഴിവാക്കിയ കെട്ടിടങ്ങളുടെ എണ്ണം സംബന്ധിച്ച വിവരങ്ങളും താഴെ ചേർക്കുന്നു.

| ക്രമ നം. | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗ തിയ്യതി | തീരുമാനം നം. | ഒഴിവാക്കിയ കെട്ടിടങ്ങളുടെ എണ്ണം |
|---|---|---|---|
| 1 | 1-11-2017 | 2 | 8 |
| 2 | 8-12-2017 | 2 | 26 |
| 3 | 8-1-2018 | 2 | 16 |
| 4 | 7-2-2018 | 2 | 22 |
| 5 | 31-3-2018 | 2 | 19 |
| ആകെ | | | 91 |

അത്തരം കെട്ടിടങ്ങൾ ഒഴിവാക്കുന്നതിന് ലഭ്യമായ അപേക്ഷകൾ, ഇവ ഫീൽഡ് ഉദ്യോഗസ്ഥർ പരിശോധിച്ച് നൽകിയ റിപ്പോർട്ടുകൾ എന്നിവ ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്റെ (നം.10/27-10-2018) മറുപടിയോടൊപ്പം വസ്തുനികുതി ഒഴിവാക്കിയ 91 കെട്ടിടങ്ങളിൽ 27 കെട്ടിടങ്ങളുടെ രേഖകൾ മാത്രമാണ് ഹാജരാക്കിയത്. അന്വേഷണ റിപ്പോർട്ടുകളോ ഉടമസ്ഥരുടെ അപേക്ഷകളോ ഹാജരാക്കാത്തവയുടെ കാര്യത്തിൽ അർഹതയില്ലാത്ത കെട്ടിടങ്ങളുടെ വസ്തുനികുതി ഒഴിവാക്കി നൽകിയിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്താൻ സാധ്യമായിട്ടില്ല. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിൽ ഇത്തരം വിഷയങ്ങളിൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ വ്യക്തമാക്കിയിട്ടും അവ പാലിക്കപ്പെടാതിരിക്കുന്നത് ശരിയായ കീഴ്വഴക്കമല്ല. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

- 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 24(3) പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തുള്ള ഏതെങ്കിലും കെട്ടിടം പൊളിച്ചുകളയുകയോ നശിപ്പിക്കുകയോ ചെയ്യുകയാണെങ്കിൽ, കെട്ടിട ഉടമസ്ഥൻ അതു സംബന്ധിച്ച് സെക്രട്ടറിക്ക് നോട്ടീസ് നൽകേണ്ടതും, ആ കെട്ടിടം പൊളിച്ചു കളയുകയോ നശിപ്പിക്കുകയോ ചെയ്യുന്ന അർദ്ധവർഷത്തിന്റെ അവസാനം വരെ, അപ്രകാരം ചെയ്തിട്ടില്ലായിരുന്നുവെങ്കിൽ ചുമത്തപ്പെടുമായിരുന്ന വസ്തുനികുതി നൽകുവാൻ അയാൾ ബാധ്യസ്ഥനായിരിക്കുന്നതുമാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.
- ചട്ടം 21 (2) പ്രകാരം ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങളുടെ കാര്യത്തിൽ കെട്ടിട

ഉടമയോ, അയാളുടെ ഏജന്റോ കെട്ടിടം ഒഴിഞ്ഞു കിടക്കുകയാണെന്നോ ഏതു തിയ്യതിമുതൽ ഒഴിഞ്ഞു കിടക്കുമെന്നോ ഉള്ള വിവരങ്ങൾ സെക്രട്ടറിക്ക് നോട്ടീസ് കൊടുത്തില്ലായെങ്കിൽ സെക്രട്ടറി നികുതി ഇളവു ചെയ്തു കൊടുക്കുവാൻ പാടില്ലാത്തതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

- 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളോടൊപ്പമുള്ള ഫോറം നം.11 ന് അനുസൃതമായി പഞ്ചായത്ത് പരിധിയിലുള്ള ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി ഇളവ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

വസ്തുനികുതി ചട്ടപ്രകാരമുള്ള മേൽ നടപടിക്രമങ്ങൾ പാലിച്ച് കൊണ്ടുമാത്രം വസ്തു നികുതിയിൽ ഇളവ്, ഒഴിവാക്കൽ എന്നിവ ചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

# 2-4 വസ്തുനികുതിയോടൊപ്പം സേവന ഉപനികുതി ഏർപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വപരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രൈനേജും എന്നിവ സംബന്ധിച്ച സേവനങ്ങൾ എന്നിവ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. അപ്രകാരം ചുമത്താവുന്ന ഏറ്റവും കുറഞ്ഞ സേവന ഉപനികുതിയുടെ നിരക്കുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. ജലവിതരണം - വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക.

2. തെരുവുവിളക്കുകൾ - വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക.

3. ശുചിത്വ പരിപാലനം - വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക.

4. ഡ്രൈനേജ് - വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക.

ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ ചട്ടപ്രകാരമുള്ള സേവന ഉപനികുതി വസ്തുനികുതിയോടൊപ്പം ഈടാക്കുന്നതിനുള്ള സാധ്യത

പരിശോധിക്കാവുന്നതാണ്. ഇക്കാര്യത്തിലേക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടേയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 2-5 ഡാറ്റാബാങ്കിൽ ഉൾപ്പെട്ട നിലം ഭൂമിയിൽ പെർമിറ്റ് അനുവദിച്ചു

കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ ഓഡിറ്റിൽ പരിശോധനാവിധേയമാക്കിയതിന്റെ അടിസ്ഥാനത്തിൽ, കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്ററിലെ ക്രമനം. 21 പ്രകാരം ശ്രീ.അഷറഫ് എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള റീ സർവ്വേ നം.154/11 എന്ന സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പെർമിറ്റിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പെർമിറ്റ് നം./തിയ്യതി | ഉടമസ്ഥൻ | സർവ്വേ നം. | തറവിസ്തീർണ്ണം (ച.മീ) |
|---|---|---|---|
| A2-2329/201-18 /7-6-17 | ശ്രീ.അഷറഫ് | 154/11 | 148.63 |

അപേക്ഷയോടൊപ്പം ഹാജരാക്കിയ കൈവശാവകാശ സാക്ഷ്യപത്രത്തിൽ ക്ലാസ് ഓഫ് ലാന്റിന്റെ ഭാഗത്ത് നിലം എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കൂടാതെ പ്രസ്തുത സ്ഥലം കേരള തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം തയ്യാറാക്കിയ തേഞ്ഞുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ ഡാറ്റാ ബാങ്ക് *ഗസറ്റ് നോട്ടിഫിക്കേഷൻ നം.595/09/GP-55 വാല്യം 57 തിയ്യതി - 24-03-2012* പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ളതിൽ പാഡി ലാന്റ് എന്ന തരത്തിൽ ഉൾപ്പെട്ടിട്ടുമുണ്ട്.

ഗ്രാമപഞ്ചായത്തിലെ നിലം നികത്ത് ഭൂമിയിൽ കെട്ടിടനിർമ്മാണത്തിന് അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട പ്രാദേശികതല കമ്മിറ്റി മിനിട്ട്സ് പരിശോധിച്ചതിൽ 21-7-2015 -ാം തിയ്യതിക്കു ശേഷം യാതൊരു യോഗവും കൂടിയിട്ടില്ല എന്ന് ബോധ്യപ്പെട്ടു. വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം.11, തിയ്യതി - 29-10-2018 ന്റെ മറുപടിയിൽ "നിലവിലുള്ള ഓഫീസ് രേഖകൾ പ്രകാരം 1993 – ൽ തന്നെയുള്ള 12/450 എന്ന നമ്പറിലുള്ള ഓടിട്ട വീടിന്റെ ഒരുഭാഗം പൊളിച്ച് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള അനുമതിയാകുന്നു" എന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ കെട്ടിടനിർമ്മാണാനുമതി നൽകുന്നതിനു മുൻപ് നിർദ്ദിഷ്ട സ്ഥലം ഡാറ്റാബാങ്കിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നും പ്രാദേശികതല കമ്മിറ്റിയിൽ പരിഗണിച്ചിട്ടുണ്ടോ എന്നും പരിശോധിക്കാതെ അനുമതി നൽകിയത് അംഗീകരിക്കാവുന്നതല്ല.

*തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സർക്കുലർ നം.130/ആർ എ1/2016/തസ്വഭവ തിയ്യതി-19-4-2016, സർക്കുലർ നം.1858832/ആർ എ1/2017/തസ്വഭവ തിയ്യതി-6-12-2017* എന്നിവ പ്രകാരം നെൽവയൽ തണ്ണീർത്തട നിയമപ്രകാരം തയ്യാറാക്കിയ കരട്/ഡാറ്റാ ബാങ്കിൽ നെൽവയൽ/നിലം അല്ലെങ്കിൽ തണ്ണീർത്തടമായി ഉൾപ്പെട്ടിട്ടുള്ള സ്ഥലങ്ങളിലും അല്ലാത്തവയിലും കെട്ടിടനിർമ്മാണ അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് വ്യക്തമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-6 പെർമിറ്റ് രേഖകളുടെ പരിശോധനയിന്മേലുള്ള പൊതുവായ നിരീക്ഷണങ്ങൾ

എ) കെട്ടിടനിർമ്മാണ പെർമിറ്റ് അനുവദിച്ച അപേക്ഷകളുടെയും അനുബന്ധരേഖകളുടെയും പരിശോധന കാര്യക്ഷമമല്ല.

ഓഡിറ്റ് കാലയളവിൽ പെർമിറ്റ് അനുവദിച്ച അപേക്ഷകളുടെയും അനുബന്ധ രേഖകളുടെയും പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

- പെർമിറ്റ് നൽകുന്നതിനു മുൻപ് നിർദ്ദിഷ്ട നിർമ്മാണ പ്രവർത്തിയുടെ സൈറ്റ് പരിശോധന നടത്തിയതിന്റെ യാതൊരു വിവരവും അപേക്ഷകളുടെ കൂടെ രേഖപ്പെടുത്തിയിട്ടില്ല. കെട്ടിട നിർമ്മാണ പെർമിറ്റ് നൽകുന്നതിനുള്ള അധികാരം സംബന്ധിച്ച സർക്കുലർ നം. 32131/ആർ.എ1/2012/തസ്വഭവ തീയതി 15.6.13ലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

- ഫയൽ എൽ.എസ്.ജി.ഡി സെക്ഷനിലെ പരിശോധനയിൽ കെട്ടിടത്തിന്റെ പ്ലാനിൽ "Proposed plan compliance with the KPBR" എന്നു മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പ്ലാൻ, നിർദ്ദിഷ്ട സൈറ്റ് എന്നിവയിലെ അവശ്യ ഘടകങ്ങൾ പരിശോധിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. മാത്രമല്ല F.A.R രേഖപ്പെടുത്താത്ത പ്ലാനുകളിലും ഇത്തരത്തിൽ തന്നെയാണ് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത് (ഉദാ: കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്ററിലെ ക്രമ നം.31, 34, 35, 41).

- സങ്കേതം സോഫ്റ്റ്‌വെയർ മുഖേന അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുന്ന സംവിധാനം 8/2017 നാണ് ആരംഭിച്ചിട്ടുള്ളത്. ആയതിനു ശേഷമുള്ള അപേക്ഷകളുടെ കാര്യത്തിൽ പ്ലാൻ സംബന്ധിച്ചതും, സൈറ്റ് പരിശോധന മുതലായവയുടെ വിശദമായ പരിശോധനാ റിപ്പോർട്ട്/പരിശോധനാകുറിപ്പുകൾ ഓൺലൈൻ ആയി രേഖപ്പെടുത്തുന്നുണ്ട് എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

ബി) ഫ്ലോർ ഏരിയയ്ക്ക് പകരം പ്ലിന്ത് ഏരിയയുടെ അടിസ്ഥാനത്തിൽ കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ് കണക്കാക്കുന്നു.

സങ്കേതം സോഫ്റ്റ്‌വെയറിലൂടെയുള്ള ഓൺലൈൻ അപേക്ഷകളുടെയും അനുബന്ധ രേഖകളുടെയും പരിശോധനയിൽ, കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ് കണക്കാക്കുന്നതിന് ഫ്ലോർ ഏരിയ അടിസ്ഥാനമാക്കി ഫീസ് നിശ്ചയിക്കുന്നതിനു പകരം നിർദ്ദിഷ്ട കെട്ടിടത്തിന്റെ പ്ലാനിൽ രേഖപ്പെടുത്തിയിട്ടുള്ള ആകെ പ്ലിന്ത് ഏരിയയുടെ അടിസ്ഥാനത്തിലാണ് ഫീസ് കണക്കാക്കിയിട്ടുള്ളത് എന്ന് ബോധ്യപ്പെട്ടു. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 ലെ ചട്ടം 11(3) ലെ ഷെഡ്യൂൾ II ൽ പെർമിറ്റിനുള്ള ഫീസ് നിരക്ക് ആകെ ഫ്ലോർ ഏരിയയുടെ അടിസ്ഥാനമാക്കിയാണ് നിശ്ചയിച്ചിട്ടുള്ളത്. സങ്കേതം സോഫ്റ്റ്‌വെയറിൽ ചട്ടത്തിനനുസൃതമല്ലാതെ കെട്ടിടനിർമ്മാണ പെർമിറ്റ് കണക്കാക്കുന്നത് ക്രമീകരിക്കുന്നതിന് തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

സി) അതാതു കാലയളവിലെ ഉത്തരവുകൾക്കനുസൃതമായി സോഫ്റ്റ്‌വെയറുകൾ കാലികമാക്കിയിട്ടില്ലാത്തത് പരിശോധനാവിധേയമാക്കേണ്ടതാണ്

31.10.2017 തിയതിയിലെ ജി.ഒ(പി)നം.81/2017/ത.സ്വ.ഭ.വ (എസ്.ആർ.ഒ നം. 675/2017) പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം അനുസരിച്ച് 2011 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ പെർമിറ്റ് ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഭേദഗതി ചട്ടങ്ങളിലെ ചട്ടം 35 ലെ പട്ടിക 2 ൽ കാറ്റഗറി I, കാറ്റഗറി II വില്ലേജുകളിൽ ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്തുകൾക്ക് പരമാവധി അനുവദിക്കാവുന്ന തറവിസ്തീർണ്ണാനുപാതത്തിന്റെ (F.A.R) പരിധിയും അധികഫീസോടു കൂടി അനുവദിക്കാവുന്ന തറവിസ്തീർണ്ണാനുപാതത്തിന്റെ പരിധിയും ആയതിനാനുപാതികമായ നിരക്കുകളും പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ആയതു പ്രകാരമാണ് വില്ലേജ് II എന്ന കാറ്റഗറിയിൽ ഉൾപ്പെടുന്ന തേഞ്ഞിപ്പലം ഗ്രാമപഞ്ചായത്തിൽ നിന്നും പെർമിറ്റ് അനുവദിക്കുന്ന കെട്ടിടങ്ങളുടെ പരാമവധി തറവിസ്തീർണ്ണാനുപാതവും, അധിക തറവിസ്തീർണ്ണാനുപാതത്തിനുള്ള നിരക്കും നിശ്ചയിക്കേണ്ടത്.

2017 ആഗസ്റ്റ് മാസം മുതൽ ഗ്രാമപഞ്ചായത്തിൽ കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള അപേക്ഷകൾ സങ്കേതം സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായാണ് സ്വീകരിച്ചു വരുന്നത്. തുടർ നടപടികളും ഓൺലൈനായാണ് നടപ്പിലാക്കുന്നത്. രജിസ്റ്റർ പ്രകാരം 2017-18 ൽ ആകെ 159 അപേക്ഷകളുടെ വിവരം രേഖപ്പെടുത്തിയതിൽ ക്രമ നം.54 മുതൽ ഓൺലൈൻ അപേക്ഷളാണ് സ്വീകരിച്ചിട്ടുള്ളത്. സങ്കേതം സോഫ്റ്റ്‌വെയർ മുഖേനയുള്ള പ്രിന്റ് ചെയ്ത അപേക്ഷകൾ പരിശോധിച്ചതിൽ അധിക

ഫീസോടു കൂടി അനുവദിക്കാവുന്ന F.A.R ന് ആനുപാതികമായി ഈടാക്കേണ്ട നിരക്ക് അധിക തറവിസ്തീർണത്തിന് ചതുരശ്ര മീറ്ററിന് 500 രൂപ നിരക്കിൽ എന്ന രീതിയിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ മേൽ പറഞ്ഞ ഭേദഗതി ചട്ടപ്രകാരം അധിക തറവിസ്തീർണത്തിന് ചതുരശ്ര മീറ്ററിന് 5000 രൂപ നിരക്കിലാണ് ഈടാക്കേണ്ടത്.

പെർമിറ്റ് രജിസ്റ്ററിലെ F.A.R രേഖപ്പെടുത്തുന്നതിനുള്ള കോളം പൂർണ്ണമായും പൂരിപ്പിക്കാത്തതിനാലും അപേക്ഷകർ സമർപ്പിച്ച ചില പ്ലാനുകളിലും F.A.R രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ അധിക F.A.R ആവശ്യമായിട്ടുള്ള കെട്ടിടങ്ങൾ ഇല്ല എന്ന് ഉറപ്പു വരുത്തുന്നതിനോ വരുമാന നഷ്ടം ഉണ്ടായിട്ടില്ല എന്നുറപ്പു വരുത്തുന്നതിനോ സാധ്യമായിട്ടില്ല.

ഭേദഗതി ചട്ടം നിലവിൽ വന്നതിനു ശേഷവും ആയതു പ്രകാരമുള്ള നിരക്കുകൾ കണക്കാക്കാതെ സോഫ്റ്റ്‌വെയറിലെ ഇ – ഫയലിംഗ് മുഖേന ലഭിക്കുന്ന അപേക്ഷകളിലെ രേഖപ്പെടുത്തലുകൾ പ്രകാരമാണ് കണക്കാക്കുന്നത് എങ്കിൽ അത്തരത്തിലുള്ള അപേക്ഷകൾ പരിഗണിക്കപ്പെടുമ്പോൾ F.A.R ന്റെ പരിധി തെറ്റായി നിശ്ചയിച്ചു നൽകുന്നതിനും അധിക F.A.R പെർമിറ്റ് ഫീസിനത്തിൽ വലിയ തോതിൽ വ്യത്യാസപ്പെടാനും ഇടയാക്കുന്നതാണ്. കാലാകാലങ്ങളിലുള്ള ഉത്തരവുകൾക്കനുസൃതമായി സോഫ്റ്റ്‌വെയറുകളിൽ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും അപാകത പരിഹരിക്കുന്നതിന് എത്രയും പെട്ടെന്ന് മേൽനടപടികൾ സ്വീകരിക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

(ഓഡിറ്റ് അന്വേഷണം നം.11, തിയ്യതി-29-10-2018)

## 2-7 തൊഴിൽ നികുതി പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204(1) (ii)എ(i) പ്രകാരം ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതിയ്ക്ക് വിധേയനാകും. എന്നാൽ ഗ്രാമപഞ്ചായത്തിലും ഗ്രാമപഞ്ചായത്ത് പരിധിയിലുമായി ഓഡിറ്റു കാലയളവിലെ അർദ്ധവർഷങ്ങളിൽ താഴെ കൊടുത്തിരിക്കുന്ന ജീവനക്കാർ 60 ദിവസത്തിൽ കൂടുതൽ ജോലി ചെയ്തിട്ടും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

എ) ഗ്രാമ പഞ്ചായത്ത് ജീപ്പ് ഡ്രൈവർ

ബിൽ രജിസ്റ്റർ പരിശോധിച്ചതിൽ ശ്രീ.വിജയൻ എന്ന വ്യക്തിക്ക് ഓഡിറ്റ് കാലയളവിൽ ഗ്രാമപഞ്ചായത്ത് ജീപ്പ് ഡ്രൈവറായി സേവനമനുഷ്ഠിച്ച വകയിൽ വേതനം നൽകിയിട്ടുണ്ട്. തൊഴിൽ നികുതി രജിസ്റ്ററിന്റെ പരിശോധനയിൽ ഗ്രാമപഞ്ചായത്തിൽ നിന്നു തന്നെ വേതനം നൽകിട്ടുള്ള ജീവനക്കാരനിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്ന് ബോധ്യപ്പെട്ടു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ബിൽ നം./തിയ്യതി (ബിൽ രജിസ്റ്റർ പ്രകാരം) | കൈപ്പറ്റിയ ശമ്പളം | അർദ്ധ വാർഷിക വരുമാനം | ഈടാക്കേണ്ട തൊഴിൽ നികുതി |
|---|---|---|---|
| 16/3-4-17 | 17550 | 107880 ഒന്നാം അർദ്ധ വർഷം | 1000 |
| 102/2-5-17 | 16900 | | |
| 169/1-6-17 | 18450 | | |
| 170/1-6-17 | 910 | | |
| 256/1-7-17 | 17810 | | |
| 352/1-8-17 | 17810 | | |
| 429/25-8-17 | 18450 | | |
| 515/3-10-17 | 13700 | 103345 രണ്ടാം അർദ്ധ വർഷം | 1000 |
| 626/1-11-17 | 18450 | | |
| 707/1-12-17 | 18450 | | |
| 783/1-1-18 | 17810 | | |
| 874/1-2-18 | 17810 | | |
| 987/2-3-18 | 17125 | | |
| ആകെ | | 211225 | 2000 |

തൊഴിൽ നികുതി പ്രസ്തുത വ്യക്തിയിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം.10, തീയതി: 27-10-2018)

ബി) കരാറുകാർ

എൽ.എസ്.ജി.ഡി സെക്ഷനിലെ എഗ്രിമെന്റ് രജിസ്റ്റർ പരിശോധിച്ചതു പ്രകാരം 2017-18 വർഷത്തിൽ ഏറ്റെടുത്തതും 2016-17 വർഷത്തെ സ്പിൽ ഓവർ പ്രവൃത്തികൾ ഉൾപ്പെടെയുമായി വിവിധ പദ്ധതി പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി താഴെ പറയുന്ന കരാറുകാർ പഞ്ചായത്തു പരിധിയിൽ സേവനമനുഷ്ഠിച്ചിട്ടുള്ളതായി കാണുന്നു. തൊഴിൽ നികുതി രജിസ്റ്റർ പരിശോധനയിൽ ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായോ ഈടാക്കുന്നതിനുള്ള എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുള്ളതായോ കാണുന്നില്ല. കരാറുകാരുടെ പേരുവിവരങ്ങളും ഏറ്റെടുത്ത പ്രവൃത്തികളുടെ എണ്ണവും താഴെ ചേർക്കുന്നു.

| ക്രമ നം. | കരാറുകാർ | ഓഡിറ്റ് കാലയളവിൽ ഏറ്റെടുത്ത പ്രവൃത്തികളുടെ എണ്ണം |
|---|---|---|
| 1 | ശ്രീ.അലാവുദ്ദീൻ | 3 |
| 2 | ശ്രീ.രാമകൃഷ്ണൻ.എം | 2 |
| 3 | ശ്രീ.വേണുഗോപാലൻ | 4 |
| 4 | ശ്രീ.ജയകൃഷ്ണൻ.എം | 7 |
| 5 | ശ്രീ.രാജൻ.എ | 5 |
| 6 | ശ്രീ.ബാലൻ.എം | 17 |
| 7 | ശ്രീ.സുരേഷ്കുമാർ.എ | 20 |
| 8 | ശ്രീ.രമേഷ്.ആർ | 14 |
| 9 | ശ്രീ.രവികുമാർ.ആർ | 4 |
| 10 | ശ്രീ.അരവിന്ദാക്ഷൻ.എസ് | 2 |

മേൽ കരാറുകാരിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് പരിധിയിലെ ബിൽഡിംഗ് സൂപ്പർവൈസർമാർ, റേഷൻകട വ്യാപാരികൾ എന്നിവരിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം.10, തീയതി: 27-10-2018)

# 2-8 ഡി&ഒ ലൈസൻസ് രേഖകളുടെ പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## എ) വാണിജ്യ സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നത് പരിശോധിക്കേണ്ടതാണ്

വസ്തു നികുതി നിർണ്ണയിക്കുന്നതിനുള്ള സഞ്ചയ സോഫ്റ്റ്‌വെയറിലെ വിവരങ്ങൾ പ്രകാരം വാണിജ്യ-വ്യാവസായിക ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന 908 കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ നിലവിലുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| വാണിജ്യ ആവശ്യത്തിനുള്ള 100 ച.മീ വരെ തറ വിസ്തീർണമുള്ള ഹോട്ടൽ/ റസ്റ്റോറന്റുകൾ/ ഗോഡൗണുകൾ | 799 |
| വാണിജ്യ ആവശ്യത്തിനുള്ള 100 ച.മീ മുതൽ 200ച.മീ വരെ തറ വിസ്തീർണമുള്ള ഹോട്ടൽ/ റസ്റ്റോറന്റുകൾ/ ഗോഡൌണുകൾ | 10 |
| വാണിജ്യ ആവശ്യത്തിനുള്ള 200 ച.മീ മുകളിൽ തറവിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ് ഷോപ്പിംഗ് മാളുകൾ | 2 |
| വാണിജ്യാവശ്യത്തിനുള്ള ബങ്കുകൾ, പെട്ടിക്കടകൾ, കമ്പ്യൂട്ടർ സെന്റർ, ഫ്യൂവൽ സ്റ്റേഷൻ | 6 |
| വ്യവസായ ആവശ്യത്തിനുള്ള കൈത്തറിഷെഡ്/ കയർപിരി ഷെഡ് | 55 |
| ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ | 36 |
| ആകെ | 908 |

2017-18 വർഷത്തെ ഡി&ഒ ലൈസൻസ് ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പ്രകാരം 247 സ്ഥാപനങ്ങൾക്ക് മാത്രമാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. 70% ൽ കൂടുതൽ സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതായി വിലയിരുത്തുന്നു. ഈ വിഷയത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്റെ (നം.11/29-10-2018) മറുപടിയിൽ, പഞ്ചായത്തിൽ ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങൾ, ഒന്നിലധികം കടമുറികളിൽ ഒരേ വ്യക്തി ഒരു വ്യാപാരം ചെയ്തു വരുകയും ആയതിന് ഒരു ലൈസൻസ് ആണ് അനുവദിക്കുന്നത് എന്നതും ലൈസൻസിന്റെ എണ്ണം കുറയുന്നതിന് കാരണമാവുന്നു

എന്ന് അറിയിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ളവയെ ഒഴിവാക്കിയാൽത്തന്നെയും ലൈസൻസ് അനുവദിച്ചവയുടെയും സഞ്ചയ സോഫ്റ്റ്‌വെയറിലെ വാണിജ്യ/വ്യാപാര /വ്യവസായ സ്ഥാപനങ്ങളുടെ കെട്ടിടങ്ങളുടെ കണക്കുകളും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നതിനാൽ ഈ വിഷയത്തിന്മേൽ ആവശ്യമായ പരിശോധനാ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ബി) റേഷൻകടകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട് (പട്ടിക 1 ക്രമനം 149). എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ കടകളൊന്നും തന്നെ ലൈസൻസ് എടുത്തിട്ടുള്ളതായി ഡി & ഒ ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ കാണാൻ കഴിഞ്ഞിട്ടില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളുടെ വിവരങ്ങളും. ഇവ ലൈസൻസ് എടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്റെ (നം.11/29-10-2018) മറുപടിയോടൊപ്പം ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ 9 റേഷൻകടകൾ പ്രവർത്തിക്കുന്നതായും റോഷൻകടകൾക്ക് ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. റേഷൻകടകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | റേഷൻ ലൈസൻസിയുടെ പേര് | എ.ആർ.ഡി നമ്പർ | സ്ഥലം |
|---|---|---|---|
| 1 | കേശവൻ കുട്ടി | 120 | കട്ടുങ്ങം |
| 2 | ചന്ദ്രൻ | 69 | മാനാംകുളമ്പ് |
| 3 | റിസ്വാൻ | 68 | മാഹാളികുടം |
| 4 | റിസ്വാൻ | 130 | മാഹാളികുടം |
| 5 | വാണി | 67 | മുത്തിയമ്പലം |
| 6 | വാണി | 73 | വെട്ടുകാട് |
| 7 | ബാലകൃഷ്ണൻ | 70 | വിളയന്നൂർ |
| 8 | സീന | 71 | വെമ്പല്ലൂർ |
| 9 | യൂസഫ് | 102 | തില്ലങ്കാട് |

മേൽ റേഷൻ കടയുടമകളിൽ നിന്നും ചട്ടപ്രകാരം ലൈസൻസ് എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

സി) ഭേദഗതി ചട്ടപ്രകാരം ലൈസൻസ് ഫീസ് ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്

31.10.2017 തിയതിയിലെ ജി.ഒ(പി)നം.80/2017/ത.സ്വ.ഭ.വ (എസ്.ആർ.ഒ നം. 674/2017) പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം അനുസരിച്ച് 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഭേദഗതിക്കു മുമ്പ് ചട്ടം 10 ലെ പട്ടിക രണ്ട് പ്രകാരം വിറ്റുവരവിന്റെ അടിസ്ഥാനത്തിലാണ് വ്യാപാരങ്ങൾക്ക് പരമാവധി ഫീസ് ഈടാക്കിയിരുന്നത്. ഭേദഗതി ചട്ടം അനുസരിട്ട് സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്നീ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ഫീസ് ഈടാക്കേണ്ടത്. പുതുക്കിയ ചട്ടം അനുസരിച്ച് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കുന്നതിനായി തീരുമാനങ്ങൾ കൈക്കൊള്ളുകയോ തുടർ നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. പുതുക്കിയ ചട്ടം അനുസരിച്ച് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കുന്നതിന് ഗ്രാമപഞ്ചായത്ത് എത്രയും പെട്ടെന്ന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം.10, തീയതി: 27-10-2018)

# 2-9 കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനത്ഫണ്ടിലേക്ക് മുതൽകൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിന്റ 31-3-2018 തിയ്യതിയിലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സ് തീരുമാനം നം.3 പ്രകാരം കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനതു ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിന് തീരുമാനിച്ചിട്ടുണ്ട്. തുടർ നടപടികളുടെ വിവരം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന്റെ (നം.10/27-10-2018) മറുപടിയിൽ, മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നാണ് അറിയിച്ചിട്ടുള്ളത്. ഡെപ്പോസിറ്റ് രജിസ്റ്ററിൽ വർഷം തിരിച്ചുള്ള സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകളുടെ കൃത്യമായ വിവരങ്ങൾ ലഭ്യമല്ല. ആയതിനാൽ നിർദ്ദിഷ്ട ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകി ധനകാര്യ സ്റ്റാൻിംഗ് കമ്മിറ്റി തീരുമാന പ്രകാരം 3 വർഷ കാലാവധി കഴിഞ്ഞ നിക്ഷപ തുകകൾ തനത്ഫണ്ടിലേക്ക് മുതൽ

കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-10 ടെൻഡർ ഫോറം വില പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിക്ഷേപിച്ചിട്ടില്ല

വിവിധ വർഷങ്ങളിൽ അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ പദ്ധതികളുടെ ഇ-ടെൻഡറിലൂടെ പഞ്ചായത്തിന് ലഭിക്കേണ്ട തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിക്ഷപിക്കപ്പെട്ടിട്ടുള്ളത് തിരികെ പഞ്ചായത്തിലേക്ക് അടവാക്കാൻ മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ നിർദ്ദേശിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും 11.6.2018 തീയതിൽ 51,775.00 രൂപ അസി.എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് നിക്ഷേപിക്കപ്പെട്ടിട്ടുണ്ടെങ്കിലും നാളിതുവരെ പഞ്ചായത്തിന്റെ തനതുഫണ്ടിലേക്ക് തുക ഒടുക്കിയിട്ടില്ല. ഇതു കൂടാതെ 2018-19 സാമ്പത്തിക വർഷത്തിൽ ലഭിച്ച ടെൻഡർ ഫോറം വില ഉൾപ്പെടെ നിലവിൽ 101055രൂപ അസി.എഞ്ചിനീയറുടെ 37193523470 നമ്പർ SBI/KZM അക്കൗണ്ടിൽ നീക്കിയിരുപ്പുണ്ട്. പഞ്ചായത്തിന് അവകാശപ്പെട്ട തുക കൈമാറ്റം ചെയ്യാത്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 8 /17-18/തീയതി- 27.10.2018) ലഭിച്ച തുകയിൽ നികുതി തുക എത്രയെന്ന് തിട്ടപ്പെടുത്താത്തതിനാലാണ് തുക കൈമാറാതിരുന്നതെന്നും എത്രയും വേഗം ഇവ തിട്ടപ്പെടുത്തി തുക കൈമാറുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുക തനതുഫണ്ടിൽ നിക്ഷേപിച്ച് വിരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മോണിറ്ററിംഗ് സംവിധാനമില്ല- നിർവ്വഹണോദ്യോഗസ്ഥൻ പദ്ധതി ഫണ്ട് ദുരുപയോഗം ചെയ്തു

2017-18 വർഷത്തെ വാർഷിക പദ്ധതിയുടെ ഭാഗമായി ജനറൽ, എസ്.സി.പി വിഭാഗങ്ങളിലെ വിവിധ ഗുണഭോക്താക്കൾക്ക് വേണ്ടി സമ്പൂർണ്ണ കക്കൂസ് നിർമ്മാണം എന്ന പേരിൽ രണ്ട് പ്രൊജക്റ്റുകൾ ആവിഷ്കരിച്ച് അംഗീകാരം

ലഭ്യമാക്കിയിട്ടുണ്ട്. കൃത്യമായി അംഗീകാരം വാങ്ങിക്കാത്ത ഗുണഭോക്തൃ ലിസ്റ്റിന്റെ അഭാവത്തിൽ വികസന ഫണ്ടിൽ നിന്നും തുക പിൻവലിച്ച് നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ യുടെ ഒരേ ബാങ്കിന്റെ രണ്ട് വ്യത്യസ്ത അക്കൗണ്ടുകളിലേക്ക് മാറ്റിയതായി പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. 92400 രൂപ അത്തരത്തിൽ മാറ്റിയതായി പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. ഇതിനു പുറമെ ഒരേ വ്യക്തിക്കു തന്നെ 8000.00 രൂപ അധികം നൽകിയതായും കണ്ടെത്തിയിട്ടുണ്ട്.

പ്രോജക്ടുകളുടെ ലക്ഷ്യം

തേങ്കുറിശ്ശി ഗ്രാമപഞ്ചായത്ത് വെളിയിട വിസർജ്ജന വിമുക്ത ഗ്രാമമായി പ്രഖ്യാപിക്കപ്പെട്ടതിനുശേഷവും വിവിധ കാരണങ്ങളാൽ കക്കൂസ് ഇല്ല എന്ന് കണ്ടെത്തിയ ജനറൽ വിഭാഗത്തിലുള്ള 24 ഗുണഭോക്താക്കൾക്ക് 3,80,000.00 രൂപയും എസ്.സി വിഭാഗത്തിലുള്ള 13 ഗുണഭോക്താക്കൾക്ക് 15400 രൂപ വീതം 2,00,200.00 രൂപയും വകയിരുത്തി കക്കൂസ് നിർമ്മാണത്തിനായി ധനസഹായം നൽകി സമ്പൂർണ്ണ കക്കൂസ് നിർമ്മാണം എന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിനായാണ് പ്രോജക്ട് രൂപീകരിച്ചത്.

പ്രൊജക്റ്റ് രൂപീകരണം, കക്കൂസ് നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളുടെ മോണിറ്ററിംഗ് ചുമതല കുടിവെള്ളം, ശുചിത്വം വർക്കിംഗ് ഗ്രൂപ്പിനാണ്. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (വി.ഇ.ഒ) ആണ് നിർവ്വഹണ ഉദ്യോഗസ്ഥൻ.

പദ്ധതി നടത്തിപ്പ് വിശദമായ ഓഡിറ്റിന് വിധേയമാക്കിയതിന്റെ പശ്ചാത്തലം

13ാം പദ്ധതിയുടെ മാർഗ്ഗരേഖയിൽ കക്കൂസ് നിർമ്മാണത്തിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തുകയോ സബ്സിഡി തുക നിശ്ചയിക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ കക്കൂസ് നിർമ്മാണത്തിനായി പ്രൊജക്റ്റുകൾ ആവിഷ്കരിക്കുന്നതിനു മുൻപ് സർക്കാരിൽ നിന്നും മുൻകൂർ അനുവാദം വാങ്ങേണ്ടതാണ്. ഇത്തരത്തിൽ മുൻകൂർ അനുവാദം വാങ്ങാതെയും ഗ്രാമസഭ വഴി തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾ അല്ലാതെയും ആവിഷ്കരിക്കപ്പെട്ട പ്രൊജക്റ്റുകൾ ആയതിനാലാണ് പദ്ധതി നടത്തിപ്പിന്റെ വിശദമായ പരിശോധന നടത്തുവാൻ ഓഡിറ്റ് ലക്ഷ്യമിട്ടത്.

കുടിവെള്ളം, ശുചിത്വം വർക്കിംഗ് ഗ്രൂപ്പ് വഴിയല്ല പ്രൊജക്റ്റുകൾ ഉരുത്തിരിഞ്ഞു വന്നത് എന്നും പ്രോജക്ട് നിർവ്വഹണം വർക്കിംഗ് ഗ്രൂപ്പും ആരോഗ്യവും വിദ്യാഭ്യാസവും സ്റ്റാന്റിംഗ് കമ്മിറ്റിയും വിലയിരുത്തിയിട്ടില്ല എന്നും കണ്ടെത്തി. 9.06.17ലെ ഭരണസമിതി തീരുമാനം 1(5) പ്രകാരം പദ്ധതിക്ക് ആവശ്യമായ ഗുണഭോക്താക്കളെ (ജനറൽ & എസ്.സി) കണ്ടെത്തി ആനുകൂല്യം വിതരണം ചെയ്യുന്നതിന് വി.ഇ.ഒ മാരെ ചുമതലപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്. ഗ്രാമസഭ

അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ഏതെല്ലാം ഗുണഭോക്താക്കൾക്കാണ് ധനസഹായം ലഭ്യമാക്കുന്നത് എന്ന് ഭരണസമിതി തീരുമാനം കൈക്കൊണ്ടതിന്റെ രേഖകളും ഇല്ല. ഗ്രാമപഞ്ചായത്തിൽ വ്യക്തിഗത കക്കൂസ് ഇല്ലാത്ത സാഹചര്യം നിലവിലുണ്ട് എന്ന് തെളിയിക്കുന്ന അന്വേഷണ റിപ്പോർട്ടും ലഭ്യമല്ല.

ആവശ്യകത വിലയിരുത്താതെയും ഗുണഭോക്താക്കളെ ഉറപ്പാക്കാതെയും ആവിഷ്കരിക്കപ്പെട്ടതിനാൽ പദ്ധതി നടത്തിപ്പിൽ ക്രമക്കേടുകൾ ഉണ്ടാകുവാനുള്ള സാഹചര്യം സൃഷ്ടിക്കപ്പെട്ടു. പദ്ധതിപ്പണം ട്രഷറിയിൽ നിന്നും പിൻവലിച്ച് വിവിധ ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ചെയ്തു നൽകിയതിന്റെ രേഖകൾ പരിശോധിച്ചപ്പോൾ പദ്ധതികളുടെ നിർവ്വഹണത്തിൽ സാമ്പത്തിക ക്രമക്കേട് ഉണ്ടായിട്ടുണ്ട് എന്ന് സംശയിക്കത്തക്ക വിധത്തിൽ ചില പണമിടപാടുകൾ നടന്നിട്ടുള്ളതായി ഓഡിറ്ററിന്റെ ശ്രദ്ധയിൽപ്പെടുകയും തുടർ പരിശോധന നടത്തുകയും ചെയ്തു. ആയതിന്റെ വിശദാംശങ്ങൾ താഴെ വിവരിക്കുന്നു.

<u>പ്രോജക്ടുകളുടെ വിശദാംശങ്ങൾ</u>

1) പ്രോജക്ട് നം. 18/18 ("സമ്പൂർണ്ണ കക്കൂസ് നിർമ്മാണം" -ജനറൽ)

അടങ്കൽ- 380000 രൂപ (വികസന ഫണ്ട്- ജനറൽ)

ചെലവ്- 245200 രൂപ

7 ബില്ലുകളിലായാണ് തുക പിൻവലിച്ചിട്ടുള്ളത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ട്രഷറി ബിൽ നം./ തിയതി | | തുക |
|---|---|---|
| 1 | 4/18.8.17 | 15400 |
| 2 | 12/27.10.17 | 30800 |
| 3 | 27/20.1.18 | 38200 |
| 4 | 28/23.1.18 | 31400 |
| 5 | 36/7.03.18 | 38800 |
| 6 | 39/13.3.18 | 53000 |
| 7 | 21/6.01.18 | 37600 |
| ആകെ | | 245200 |

മേൽ തുകകൾ അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിനായി താഴെ പറയും പ്രകാരം 21 ട്രാൻസാക്ഷനുകൾ നടത്തിയിട്ടുണ്ട്.

11 x 15400 = 169400

7 x 7400 = 51800

3 x 8000 = 24000

2) പ്രോജക്ട് നം. 120/18 ("സമ്പൂർണ്ണ കക്കൂസ് നിർമ്മാണം" -എസ്.സി.പി)

അടങ്കൽ- 200200 രൂപ (വികസനഫണ്ട്- എസ്.സി.പി)

ചെലവ്- 200200 രൂപ

5 ബില്ലുകളിലായാണ് തുക പിൻവലിച്ചിട്ടുള്ളത്.

| ട്രഷറി ബിൽ നം./ തിയതി | തുക |
|---|---|

| | | |
|---|---|---|
| 1 | 13/27.10.17 | 7400 |
| 2 | 18/6.1.18 | 22800 |
| 3 | 25/20.1.18 | 30200 |
| 4 | 42/21.03.18 | 46200 |
| 5 | 45/ 28.3.18 | 93600 |
| ആകെ | | 200200 |

മേൽ തുകകൾ അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിനായി താഴെ പറയും പ്രകാരം 20 ട്രാൻസാക്ഷനുകൾ നടത്തിയിട്ടുണ്ട്.

6 x 15400 = 92400

7 x 7400 = 51800

7 x 8000 = 56000

<u>ലഭ്യമാക്കിയ രേഖകൾ</u>

1. പ്രോജക്ടുകൾ

2. ഐ.കെ.എം ചെലവ് പത്രിക

3. കാഷ് ബുക്ക്

4. ട്രഷറി ബിൽ ബുക്ക്, ബില്ലുകൾ

5. ഗുണഭോക്താക്കളുടെ തിരിച്ചറിയൽ രേഖകൾ, ജാതി, വരുമാനം എന്നിവയുടെ സർട്ടിഫിക്കറ്റുകൾ, റേഷൻ കാർഡ് പകർപ്പ്, ബാങ്ക് അക്കൗണ്ട് വിശദാംശങ്ങൾ എഗ്രിമെന്റ് എന്നിവ അടങ്ങിയ ഫയലുകൾ.

6. അക്വിറ്റൻസ് രജിസ്റ്റർ

<u>രേഖകളുടെ പരിശോധനയുടെ വിശദാംശം</u>

ലഭ്യമാക്കിയ എല്ലാ രേഖകളും ഓഡിറ്റിൽ പരിശോധിച്ചു. ഇതിൽ ചില ഗുണഭോക്താക്കളുടെ എഗ്രിമെന്റ്, ബാങ്ക് അക്കൗണ്ട് വിശദാംശങ്ങളടങ്ങിയ പാസ്ബുക്കിന്റെ ആദ്യ പേജ് പകർപ്പ്, തുക കൈപ്പറ്റിയതിന്റെ കൈപ്പറ്റ് രസീത് എന്നിവ ഹാജരാക്കിയ രേഖകളിൽ ഉൾപ്പെട്ടിട്ടില്ല. കൂടാതെ കാഷ് ബുക്ക്, തുക കൈപ്പറ്റിയ ഗുണഭോക്താക്കളുടെ വിവരം ചേർത്തിട്ടുള്ള അക്വിറ്റൻസ് രജിസ്റ്റർ

കൃത്യമാക്കി സൂക്ഷിച്ചിട്ടില്ല.

ഓരോ ഗുണഭോക്താവും പദ്ധതി പ്രകാരമുള്ള പ്രവൃത്തി പൂർത്തിയാക്കി എന്നു വിലയിരുത്തുന്നതിനാവശ്യമായ ഒരു രേഖയും ലഭ്യമല്ല. പ്രവർത്തികൾ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ മൂല്യനിർണ്ണയം നടത്തിയിട്ടില്ല.

പദ്ധതിപ്പണം പിൻവലിച്ച് വിവിധ അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ചെയ്തു നൽകിയതിന്റെ രേഖകൾ പരിശോധിച്ചപ്പോൾ വ്യത്യസ്തമായ പേരുകളിൽ തുകകൾ കൊല്ലങ്കോട് എസ്.ബി.ഐ ശാഖയിലുള്ള 67248236471, 20304927204 എന്നീ രണ്ട് അക്കൗണ്ടുകളിലേക്ക് പല തവണ അക്കൗണ്ട് ട്രാൻസ്ഫർ ചെയ്തിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടു. ഈ സാഹചര്യത്തിൽ നിർവ്വഹണോദ്യോഗസ്ഥനായ വി.ഇ.ഒ ക്കും സെക്രട്ടറിക്കും വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് അന്വേഷണം (നം.4/26.10.18) നൽകുകയുണ്ടായി.

ഓഡിറ്റ് അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ കൊല്ലങ്കോട് എസ്.ബി.ഐ ശാഖയിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നേരിട്ട് അന്വേഷണം നടത്തിയപ്പോൾ മേൽ പറഞ്ഞ രണ്ടു അക്കൗണ്ടുകളും നിർവ്വഹണോദ്യോഗസ്ഥനായ വി.ഇ.ഒ ശ്രീ.ലാലു.കെ യുടെ വ്യക്തിഗത അക്കൗണ്ടുകളാണെന്ന് കണ്ടെത്തുകയുണ്ടായി. ഒരേ ബാങ്കിൽ ശ്രീ ലാലുവിന് എങ്ങനെയാണ് രണ്ട് അക്കൗണ്ടുകൾ ഒരേ പേരിൽ തുടങ്ങാനായത് എന്നും വ്യക്തമാകുന്നില്ല. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

എ) പ്രോജക്ട് നം. 18/18

| ബിൽ നം., തിയതി, ബിൽ തുക | ഗുണഭോക്താവിന്റെ പേര് | അക്കൗണ്ട് നം. | ബാങ്ക് ഐ.എഫ്.എസ്.സി കോഡ് | ട്രാൻസ്ഫർ ചെയ്ത തുക |
|---|---|---|---|---|
| 28/23.1.18 -31400 | ധന്യ.എസ് | 67248236471 | SBIN00 18319 | 15400 |
| 36/7.03.18 -38800 | വള്ളി.എസ് | 67248236471 | SBIN00 18319 | 15400 |
| 39/13.3.18 -53000 | ധന്യ.എസ് | 67248236471 | SBIN00 18319 | 15400 |
| 39/13.3.18 -53000 | വേലായുധൻ | 20304927204 | SBIN00 18319 | 15400 |

| | |
|---|---|
| ആകെ | 61600 |

ബി) പ്രോജക്റ്റ് നം. 120/18

| ബിൽ നം., തിയതി, ബിൽ തുക | ഗുണഭോക്താവിന്റെ പേര് | അക്കൗണ്ട് നം. | ബാങ്ക് ഐ.എഫ്.എസ്.സി കോഡ് | ട്രാൻസ്ഫർ ചെയ്ത തുക |
|---|---|---|---|---|
| 45/28.3.18-93600 | ധന്യ.എസ് | 67248236471 | SBIN0018319 | 8000 |
| 42/21.03.18-46200 | ധന്യ.എസ് | 67248236471 | SBIN0018319 | 7400 |
| 42/21.03.18-46200 | വേലായുധൻ | 20304927204 | SBIN0018319 | 15400 |
| ആകെ | | | | 30800 |
| ഒട്ടാകെ | | | | 92400 |

ധന്യ.എസ്, വള്ളി.എസ് എന്നീ പേരുകളിലുള്ള ഗുണഭോക്താക്കളുടെ പേരിൽ രേഖപ്പെടുത്തിയിട്ടുള്ളത് 67248236471 എന്ന അക്കൗണ്ട് നമ്പറാണ്. വേലായുധൻ എന്നയാളുടെ പേരിൽ 20304927204 എന്ന മറ്റൊരു അക്കൗണ്ട് നമ്പറും രേഖപ്പെടുത്തിയിട്ടുണ്ട്. ഈ രണ്ട് അക്കൗണ്ടുകളും ലാലു.കെ, വി.ഇ.ഒ യുടെ പേഴ്സണൽ അക്കൗണ്ടുകളാണെന്ന് കൊല്ലങ്കോട് എസ്.ബി.ഐ ശാഖാ മാനേജർ സാക്ഷ്യപ്പെടുത്തി നൽകിയിട്ടുണ്ട്.

ഇല്ലാത്ത ഗുണഭോക്താക്കളുടെ പേര് രേഖപ്പെടുത്തി നിർവ്വഹണ ഉദ്യോഗസ്ഥന്റെ വ്യക്തിഗത അക്കൗണ്ടുകളിലേക്ക് 92400 രൂപ മാറ്റിയതായി ഓഡിറ്റിന് ലഭ്യമാക്കിയ തെളിവുകളിൽ നിന്നും ബോധ്യപ്പെട്ടു.

(സി) മേൽ പറഞ്ഞ അപാകതകൾ കൂടാതെ സുനിത.ആർ,w/o രമേഷ്.ടി, ആലച്ചൻകാട് എന്ന ഗുണഭോക്താവിന് 8000 രൂപ അധികം നൽകിയിട്ടുണ്ട്.

വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ബിൽ ആകെ തുക, | ഗുണഭോക്താവിന്റെ പേര് | അക്കൗണ്ട് നം | ബാങ്ക് ഐ.എഫ്.എസ്.സി | ട്രാൻസ്ഫർ ചെയ്ത |
|---|---|---|---|---|

| ബിൽ നം | | | കോഡ് | തുക |
|---|---|---|---|---|
| ബിൽ നം 21/6.01.18 – 37600 | സുനിത.ആർ | 0745101050609 | CNRB 0000745 | 7400 |
| ബിൽ നം 28/23.1.18 -31400 | സുനിത.ആർ | 0745101050609 | CNRB 0000745 | 8000 |
| ബിൽ നം 36/7.03.18 -38800 | സുനിത.ആർ | 0745101050609 | CNRB 0000745 | 8000 |

ബിൽ നം 21, 28 പ്രകാരം നൽകിയ തുകകൾ ഗുണഭോക്താവിന് നൽകേണ്ട ആനുകൂല്യം ആണ്. ബിൽ നം 36 പ്രകാരം നൽകിയ തുക 8000രൂപ അധികം നൽകിയതായതിനാൽ ആയത് അംഗീകരിക്കാവുന്നതല്ല.

നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിശദീകരണം

ഓഡിറ്റ് അന്വേഷണത്തിന് 30.10.18 ന് മറുപടി നൽകിയിട്ടുണ്ട്. താൻ നടപ്പിലാക്കിയ 'കക്കൂസ് നിർമ്മാണം" പദ്ധതികളിൽ ക്രമക്കേടുകൾ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ പണാപഹരണം നടത്തിയ 92400.00 രൂപയും അധികം നൽകിയ 8000.00 രൂപയും ചേർത്ത് 100400.00 രൂപ പഞ്ചായത്തിൽ അടച്ചിട്ടുണ്ട് എന്നാണ് മറുപടി നൽകിയിട്ടുള്ളത്. ക്രമക്കേടുകൾ ഉണ്ടാകാനിടയായതിന് മറ്റ് വിശദീകരണങ്ങളൊന്നും തന്നെ മറുപടിയിൽ ഇല്ല.

തുക തിരികെ ഒടുക്കിയതിന്റെ വിശദാംശം

ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ താഴെ പറയും പ്രകാരം 100400 രൂപ പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ഒടുക്കിയിട്ടുണ്ട്.

| രസീതി നം./തിയതി | തുക | അക്കൗണ്ട് |
|---|---|---|
| 118010102190/ 29.10.18 | 85000 | പഞ്ചായത്ത് ഫണ്ട് |
| 118010102191/30.10.18 | 15400 | പഞ്ചായത്ത് ഫണ്ട് |
| ആകെ | 100400 | |

കെ.എഫ്.സി വാല്യം 1 ലെ ആർട്ടിക്കിൾ 303എ, സ.ഉ(പി)നം.282/13/ഫിൻ തിയതി 12-06-2013 എന്നിവ പ്രകാരം നഷ്ടമായി കണക്കാക്കുന്ന തുക തിരികെ ഈടാക്കുമ്പോൾ നിശ്ചിത ശതമാനം പലിശ ഈടാക്കേണ്ടതാണെന്ന്

സൂചിപ്പിച്ചിട്ടുണ്ട്. ആയത് പാലിച്ചിട്ടില്ല.

ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ വിവരം

| പേരും ഉദ്യോഗപ്പേരും | നിലവിലെ ഔദ്യോഗിക വിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ലാലു.കെ.<br>വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, തേങ്കുറുശ്ശി ഗ്രാമപഞ്ചായത്ത് | ധന്യം,<br>കിണാശ്ശേരി,<br>പാലക്കാട്- 678701 |

ഓഡിറ്റ് നിഗമനവും ശുപാർശയും

പദ്ധതി മാർഗ്ഗരേഖയിലെ നടപടിക്രമങ്ങൾ പാലിക്കാതെ പദ്ധതികൾ ആവിഷ്കരിച്ചതിനാലും മോണിറ്ററിംഗ് നടത്തുന്നതിലുണ്ടായ വീഴ്ചയുമാണ് ക്രമക്കേടിലേക്ക് വഴിതെളിച്ചത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. വർക്കിംഗ് ഗ്രൂപ്പും, സ്റ്റാന്റിംഗ് കമ്മിറ്റിയും പദ്ധതി ആസൂത്രണ, നിർവ്വഹണ, വിലയിരുത്തൽ പ്രക്രിയകളിൽ കാര്യക്ഷമത പ്രകടിപ്പിച്ചിട്ടില്ല. പദ്ധതി ആസൂത്രണത്തിലേയും നടത്തിപ്പിലേയും വിലയിരുത്തലിലേയും അപാകതകളും വീഴ്ചയും ആവർത്തിക്കാതിരിക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. വി ഇ ഒ നിർവ്വഹണം നടത്തിയ എല്ലാ പദ്ധതികളിലൂടെ ആനുകൂല്യം ലഭ്യമായ ഗുണഭോക്താക്കളുടെ അർഹത, പദ്ധതി പൂർത്തീകരണം എന്നിവ സമഗ്രമായ അന്വേഷണം നടത്തുന്നതിനും ടിയാനെതിരെ നടപടികൾ സ്വീകരിക്കുന്നതിനും ഭരണ വകുപ്പിനോട് ശുപാർശ ചെയ്യുന്നു. ടിയാൻ തിരിച്ചടച്ച 100400/- രൂപ ഒഴികെ ബാക്കി തുക 345000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-2 മരാമത്തു പ്രവൃത്തിയുടെ പൂർത്തീകരണകാലാവധി ദീർഘിപ്പിച്ചതിനുള്ള പിഴ ഈടാക്കാത്തത് ക്രമപ്രകാരമല്ല

മരാമത്തു പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കേണ്ടത് കരാറുകാരന്റെ ഉത്തരവാദിത്തമാണ്. കരാറുകാരന്റെ പിഴവുമൂലം കാലാവധി ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ പിഴ ഈടാക്കിമാത്രമേ ആയത് അനുവദിക്കാവൂ. ഇപ്രകാരം കാലാവധി ദീർഘിപ്പിക്കുന്നതിന് ആദ്യ തവണ പി.എ.സി യുടെ 1 ശതമാനവും അതിനുശേഷം പി.എ.സി യുടെ 2 ശതമാനവും ഈടാക്കേണ്ടതാണെന്ന് 1.2.2012 ലെ സ.ഉ (പി)13/2012/പിഡബ്ള്യൂഡി പൊതുമരാമത്തു മാന്വൽ, സെക്ഷൻ 2112-1 ൽ

വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പൊതു കിണർ റിപ്പയർ എന്ന പ്രവൃത്തിയുടെ പൂർത്തീകരണസമയം ദീർഘിപ്പിച്ചുനൽകിയെങ്കിലും നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

പ്രവൃത്തിയുടെ പേര് : പൊതു കിണർ റിപ്പയർ

പ്രൊജക്ട് നം. : 139/16, 41/17, 60/18

പി.എ.സി : 301297

ചെലവ് : 266540

ബിൽ നം. :4/17-18 തീ.30.6.2017

എം.ബുക്ക് നം. :409/16-17, 241/15-16

എഗ്രിമെന്റ് നം. : 38/AE/തീ. 5.9.2015

കരാറുകാരന്റെ പേര് : രമേഷ്.ആർ

പൂർത്തിയാക്കേണ്ട തീയതി : 30.3.2016

പൂർത്തിയാക്കിയ തീയതി : 16.3.2017

ഈടാക്കേണ്ട പിഴ :

ആദ്യ തവണ (1%) : 3013

രണ്ടാം തവണ (2%) :6026

ആകെ : 9039 രൂപ

ഈടാക്കിയ പിഴ : 0

ഈടാക്കാൻ ബാക്കി : 9039 രൂപ

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം. 6/17-18/ തീയതി-27.10.2018) തുക ഉത്തരവാദിയിൽ നിന്നും ഈടാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-3 മാവേലി സ്റ്റോറിൽ നിന്നും അങ്കണവാടികൾക്കായി വാങ്ങിയ

## ഭക്ഷ്യസാധനങ്ങൾക്കുള്ള സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല

അങ്കണവാടികൾക്കുള്ള ഭക്ഷ്യസാധനങ്ങൾ വാങ്ങുവാനായി ഐ.സി.ഡി.എസ്. സൂപ്പർവൈസർ കേന്ദ്രാവിഷ്കൃത വിഹിതത്തിൽ നിന്നും കുഴൽമന്ദം ട്രഷറിയിൽ 2/2/2018 ലെ SB/XY No.1738913 പ്രകാരം 7,13,839/- രൂപ പിൻവലിച്ചിട്ടുണ്ട്. പ്രസ്തുത തുക വിനിയോഗിച്ച് മാവേലി സ്റ്റോറിൽ നിന്നും ഇൻവോയ്സ് നം.17163 തിയതി 09.01.2018 പ്രകാരം വിവിധ ഭക്ഷ്യസാധനങ്ങൾ വാങ്ങിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| ചെറുപയർ | 310 കെ.ജി. |
| നുറുക്ക് ഗോതമ്പ് | 625 കെ.ജി. |
| മട്ട അവിൽ | 62 കെ.ജി. |
| വറുത്ത നിലക്കടല | 93 കെ.ജി. |
| പൊരിക്കടല | 49കെ.ജി. |
| മധുര ശർക്കര | 114 കെ.ജി. |

മേൽ പട്ടികയിലുൾപ്പെട്ട ഭക്ഷ്യസാധനങ്ങൾ വിവിധ അങ്കണവാടികൾക്ക് വിതരണം ചെയ്തതിന്റെ യാതൊരു രേഖകളും നിർവ്വഹണ ഉദ്യോഗസ്ഥ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഇവയുടെ വിതരണം പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.
(അന്വേഷണ നം :12/30.10.2018). ഈ സാഹചര്യത്തിൽ ഈ ഇനത്തിൽ ചെലവഴിച്ച 7,13,839/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-4 അങ്കണവാടികൾക്കുള്ള ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമായില്ല

പഞ്ചായത്തിന്റെ പ്രവർത്തന പരിധിയിൽ ആകെ 25അങ്കണവാടികൾ നിലവിൽ പ്രവർത്തിച്ച് വരുന്നുണ്ട്.ഇവയിൽ 2 അങ്കണവാടികൾ വാടക കെട്ടിടങ്ങളിലാണ് പ്രവൃത്തിച്ച് വരുന്നത്.ഇതിൽ ചെള്ളിയാർത്തറ (സെന്റർ നം.158) എന്ന അങ്കണവാടിക്ക് നാളിത് വരെ ഫിറ്റനസ്സ് സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ല. 22/05/2018 ൽ 1/2018-19/AE/LSGD/THY നമ്പർ കത്ത് പ്രകാരം ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുവാനായി പഞ്ചായത്തിലെ എഞ്ചിനിയർക്ക് അപേക്ഷ നൽകിയെങ്കിലും നാളിത് വരെ നടപടികൾ സ്വീകരിച്ചിട്ടില്ലായെന്ന് ഐ.സി.ഡി.എസ്. സൂപ്പർവൈസർ ഓഡിറ്റ് വേളയിൽ വിശദീകരിക്കുകയുണ്ടായി.(അന്വേഷണ

നം.12/30.10.2018)

ഓഡിറ്റ് നിർദ്ദേശങ്ങൾ

വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾ ഉൾപ്പെടെയുള്ള എല്ലാ അങ്കണവാടികളുടേയും സുരക്ഷിതത്വം ഉറപ്പാക്കി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനായി സർക്കുലർ നം.31055/ഡി.സി.2/2011തസ്വഭവ 22.3.2011പ്രകാരം സർക്കാർ താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട് :

1. എല്ലാ വർഷവും മെയ് 10 - നകം തദ്ദേശഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ / ഓവർസീയർ വാടക കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അങ്കണവാടികളും സന്ദർശിക്കേണ്ടതും പരിശോധിച്ച് ഫിറ്റനസ് സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്.
2. യാതൊരു കാരണവശാലും സുരക്ഷിതത്വമില്ലാത്ത കെട്ടിടങ്ങളിൽ അങ്കണവാടികൾ പ്രവർത്തിക്കുവാൻ പാടില്ല.മതിയായ സുരക്ഷിതത്വം ഇല്ലാത്ത കെട്ടിടങ്ങളിലാണ് ഇവ പ്രവർത്തിക്കുന്നതെങ്കിൽ തദ്ദേശഭരണ സ്ഥാപനം/ കെട്ടിട ഉടമ ആയത് ഏർപ്പെടുത്തേണ്ടതാണ്.
3. സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി തദ്ദേശഭരണ സ്ഥാപനത്തിന്റെ അധ്യക്ഷൻ എല്ലാ വർഷവും മാർച്ച് മാസം അവസാനം ഐ.സി.ഡി.എസ് സൂപ്പർവൈസർ, അങ്കണവാടി പ്രവർത്തകർ, എഞ്ചിനീയർ / ഓവർസീയർ എന്നിവരുടെ ഒരു യോഗം വിളിച്ച് ചേർത്ത് സ്ഥിതി വിലയിരുത്തി സമയബന്ധിതമായി ആക്ഷൻ പ്ലാൻ തയ്യാറാക്കി മെയ് 10 നകം എല്ലാ അങ്കണവാടികൾക്കും ഫിറ്റനസ് ഉണ്ടെന്ന് ഉറപ്പാക്കേണ്ടാണ്.

# 3-5 പദ്ധതി രൂപീകരണത്തിനും, നിർവ്വഹണ മോണിറ്ററിംഗിനുമുള്ള ചെലവുകൾ തിരികെ ഈടാക്കിയിട്ടില്ല

പദ്ധതി രൂപീകരണത്തിനും, നിർവ്വഹണ മോണിറ്ററിംഗിനുമുള്ള ചെലവുകൾക്കായി പ്രൊജക്റ്റ് നം : S001/17-18 പ്രകാരം ധനകാര്യ കമ്മീഷൻ അവാർഡിലൂടെ ലഭ്യമായ 2,50,000/- രൂപ പഞ്ചായത്ത് സെക്രട്ടറി വകയിരുത്തിയിട്ടുണ്ട്. ആയതിനുള്ള ചെലവിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു :

| ബിൽ നം/തിയതി | ചെലവ് |
|---|---|
| 492849/26/9/2017 | 1,12,547/- |
| 1175773/16/3/2018 | 1,37,483/- |
| ആകെ ചെലവ് | 2,50,030/- |

പദ്ധതി പ്രവൃത്തികൾക്കുള്ള ചെലവുകൾ ചെറിയ സംഖ്യയായതിനാൽ കാലതാമസം ഒഴിവാക്കുന്നതിനായി തനത് ഫണ്ടിൽ നിന്നും ചെലവ് ചെയ്തിട്ടുണ്ട്.മേൽ പട്ടികയിൽ കൊടുത്തിരിക്കുന്ന ആകെ തുകയായ 250030/- രൂപ 250000/- രൂപയിൽ പരിമിതപ്പെടുത്തി തനത് ഫണ്ടിലേക്ക് വൗചർനം. 21701083/8/3/2018 വൗച്ചർ നം. 21701254/20/03/2018 പ്രകാരം തിരികെ ഈടാക്കിയിട്ടുണ്ടെന്ന് രേഖാമൂലം വിശദീകരിച്ചിട്ടുണ്ട്. (അന്വേഷണ നം.14/29.10.2018) 2017-18 സാമ്പത്തിക വർഷത്തിൽ 2018 ജനവരി, ഫെബ്രുവരി മാസങ്ങളിൽ 2018-19 സാമ്പത്തിക വർഷത്തെ പദ്ധതി രൂപീകരണ നടപടികളും സ്വീകരിച്ചതിനാൽ വകയിരുത്തിയതിനെക്കാൾ അധികരിച്ച് 52,488/- രൂപ തനത് ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. ആയത് 2018-19 സാമ്പത്തിക വർഷത്തിൽ തനത് ഫണ്ടിലേക്ക് തിരികെ ഈടാക്കുന്നതാണെന്ന് രേഖാമൂലം സെക്രട്ടറി വിശദീകരിച്ചിട്ടുണ്ട് (അന്വേഷണ നം.15/30.10.2018). ആയതിനുള്ള നടപടികൾ സ്വീകരിച്ച് വിശദവിവരങ്ങൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

## 3-6 സാക്ഷരതാ പ്രേരകിന് അനുവദിച്ച ഹൊണറേറിയം - 24000/- രൂപ ക്രമീകരിച്ചിട്ടില്ല

തേഞ്ഞിപ്പലം തുടർ വിദ്യാഭ്യാസ കേന്ദ്രത്തിലെ സാക്ഷരതാ പ്രേരക്മാർക്ക് ഗ്രാമ പഞ്ചായത്തിൽ സേവനമനുഷ്ഠിച്ച കാലയളവിൽ ഉൾപ്പെട്ട മാർച്ച് 2017ലെ ഹൊണറേറിയം വൗച്ചർ നം. 21700058/11/04/2017 പ്രകാരം 12,000 /- രൂപയും, വൗച്ചർ നം. 21700059/11/04/ 2017 പ്രകാരം 12,000/- രൂപയും ചേർത്ത് ആകെ 24,000/- രൂപ തനത് ഫണ്ടിൽ നിന്നുമാണ് നൽകിയിട്ടുള്ളത്. G.O.(Rt) 27/17/gen.edn. Dt 7.1.17 പ്രകാരം തുക തദ്ദേശ സ്വയംഭരണ സ്ഥാപനം നൽകിയശേഷം യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സഹിതം അപേക്ഷിച്ചാൽ സാക്ഷരതാ മിഷൻ തുക തിരികെ നൽകും എന്ന് വ്യക്തമാക്കിയിട്ടുണ്ട്. നാളിതുവരെ സാക്ഷരതാ മിഷനിൽ നിന്നും തുക തിരികെ ലഭിച്ചിട്ടില്ല. തുക തിരികെ ലഭ്യമാക്കി തനത് ഫണ്ടിൽ ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-7 പഞ്ചായത്ത് വാഹനത്തിന്റെ രജിസ്റ്ററുകളുടെ സൂക്ഷിപ്പിലെ അപാകങ്ങൾ

പഞ്ചായത്തിന്റെ സെക്രട്ടറി കസ്റ്റോഡിയൻ ഓഫീസറായി ഉപയോഗിച്ച് വരുന്ന ബോളിറോ KL49/D3333 ( ജീപ്പ്) വാഹനവുമായി ബന്ധപ്പെട്ട് നിലവിൽ സൂക്ഷിച്ച് വരുന്ന രജിസ്റ്ററുകളുടെ വിവരം താഴെ നൽകുന്നു :

a)ലോഗ് ബുക്ക് b)റിപ്പയർ രജിസ്റ്റർ c) ഫ്യുവൽ രജിസ്റ്റർ

വാഹന പരിപാലനത്തിന്റെ ഭാഗമായി ജി.ഓ. (എം.എസ്) 170/17 ത.സ്വ.ഭ.വ 30.06.2007 പ്രകാരം നിഷ്കർഷിക്കുന്ന താഴെ പറയുന്ന രജിസ്റ്റർ 2017-18 സാമ്പത്തിക വർഷത്തിൽ പരിപാലിച്ച് വരുന്നില്ല :

a)സ്റ്റോക്ക് രജിസ്റ്റർ b)ഫ്യുവൽ ഓർഡർ ബുക്ക്

വാഹന പരിപാലനവുമായി ബന്ധപ്പെട്ട് സൂക്ഷിച്ച് വരുന്ന ലോഗ് ബുക്ക് പരിശോധനയിൽ നിന്നും താഴെ പറയുന്ന വസ്തുതകൾ ബോദ്ധ്യപ്പെട്ടു:
മേൽ സൂചിത ഉത്തരവ് നിഷ്കർഷിക്കുന്ന വിധത്തിൽ ആറു മാസത്തിലൊരിക്കൽ വാഹനത്തിന്റെ ഫ്യുവൽ കണ്സംപ്ഷൻ ടെസ്റ്റ് സർക്കാരിന്റെ മോട്ടോർ വെഹിക്കൾ ഡിപ്പാർട്ടമെന്റിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥൻ മുഖേന നടത്തി ഇന്ധന ഉപയോഗത്തെ സംബന്ധിച്ച് ഒരു സർട്ടിഫിക്കറ്റ് ആ ഉദ്യോഗസ്ഥൻ ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണെന്ന നിബന്ധന പാലിച്ച് വരുന്നില്ല. ആയതിന് വിരുദ്ധമായി പഞ്ചായത്തിന്റെ വാഹനത്തിന്റെ ഇന്ധന ക്ഷമതയെ 2017-18 സാമ്പത്തിക വർഷത്തിൽ ഒരു തവണ മാത്രമെ വിലയിരുത്തി ബന്ധപ്പെട്ട രേഖപ്പെടുത്തലുകൾ ലോഗ് ബുക്കിൽ വരുത്തിയിട്ടുള്ളൂ. മേൽ സൂചിത നിർദ്ദേശങ്ങൾക്കനുസൃതമായി നടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-8 പൊതുടാപ്പുകൾ നീക്കം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ ചെറുതും വലുതുമായ79 കുടിവെള്ള പദ്ധതികൾ നിലവിലുണ്ട്. ഇവ അതാത് ഗുണഭോക്തൃസമിതികൾക്ക് കൈമാറിയിട്ടുണ്ട്. ഇവ കൂടാതെ കേരള ജല അതോറിറ്റിയുടെ നിയന്ത്രണത്തിലുള്ള 243 പൊതുടാപ്പുകളും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ട്. വെള്ളക്കരം ഇനത്തിൽ ടാപ്പ് ഒന്നിന് 5250 രൂപ നിരക്കിൽ പ്രതിവർഷം 1275750 രൂപ പഞ്ചായത്ത് ഒടുക്കി വരുന്നുണ്ട്. പ്രാദേശിക തലത്തിൽ കുടിവെള്ളപദ്ധതികൾ ആരംഭിച്ച് ഗാർഹിക കണക്ഷനുകൾ നൽകി പൊതുടാപ്പുകളെ ഒഴിവാക്കേണ്ടതാണെന്ന് വിവിധ ഉത്തരവുകളിലൂടെ സർക്കാർ വ്യക്തമാക്കിയിട്ടും ആയതിനുള്ള നടപടികളൊന്നും തന്നെ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. കുടിവെള്ള വിതരണം മൂലമുള്ള ആവർത്തനച്ചെലവുകളെ ഒഴിവാക്കാനാവശ്യമായ സത്വരനടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-9 വിവിധ ഡെപ്പോസിറ്റ് വർക്കുകൾക്കായി അനുവദിച്ച തുകകൾക്കുള്ള വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

2017-18 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്തിലെ സെക്രട്ടറി താഴെ പറയുന്ന പ്രൊജക്റ്റുകൾ പ്രകാരം വിവിധ ഡെപ്പോസിറ്റ് വർക്കുകൾക്കായി തുകകൾ നൽകിയിട്ടുണ്ട് :

| പ്രോജക്റ്റ് നം. | SO159/18 | പ്രോജക്റ്റ് നം. | SO212/18 | പ്രോജക്റ്റ് നം. | SO213/18 |
|---|---|---|---|---|---|
| പേര് | സ്ട്രീറ്റ് ലൈൻ വലിക്കൽ | പേര് | തെരുവ് വിളക്കിന് മീറ്റർ സ്ഥാപിക്കുന്നതിന് K.S.E.Bക്ക് തുക നൽകൽ | പേര് | വാട്ടർ അതോറിറ്റിക്ക് പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിന് തുക നൽകൽ |
| ധനകാര്യ കമ്മീഷൻ അവാർഡ് | 5,65,000/- | വികസന ഫണ്ട് | 78,000/- | പൊതു ഭാഗം (സാധാരണ വിഹിതം) | 55,000/- |
| അടങ്കൽ | 5,65,000/- | അടങ്കൽ | 78,000/- | അടങ്കൽ | 55,000/- |

I)പ്രോജക്റ്റ് നം : SO159/18

സ്ട്രീറ്റ് ലൈൻ വലിക്കൽ എന്ന പ്രോജക്റ്റിനായി K.S.E.B ക്ക് അടങ്കലായി വകയിരുത്തിയ 5,65,000/- രൂപ സെക്രട്ടറി ഡെപ്പോസിറ്റ് വർക്കിലുൾപ്പെടുത്തി നൽകിയിട്ടുണ്ട്. ചെലവിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു:

| ബിൽ നം/തിയതി | ചെലവ് |
|---|---:|
| 802610/12 /1/18 | 37,680/- |
| 696237/22/11/17 | 39,490/- |
| 492855/27/9/17 | 487,830/- |

| | |
|---|---|
| ആകെ | 5,65,000/- |

ഡെപ്പോസിറ്റ് വർക്കിനായി കൈമാറിയ തുകകൾക്കുള്ള പൂർത്തീകരണ സർട്ടിഫിക്കറ്റ് K.S.E.B യിൽ നിന്നും ലഭ്യമാക്കുവാനായി കത്ത് നൽകിയിട്ടുണ്ടെന്ന് രേഖാമൂലം വിശദീകരിച്ചിട്ടുണ്ട്.

II)പ്രോജക്റ്റ് നം:SO212/18

തെരുവ് വിളക്കിന് മീറ്റർ സ്ഥാപിക്കുന്നതിനായി സെക്രട്ടറി K.S.E.Bക്ക് തുക നൽകുന്നതിനായി 78000/- രൂപ അടങ്കലായി വകയിരുത്തി പ്രൊജക്റ്റിന് അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. ചെലവിന്റെ വിശദാംശങ്ങൾ:

| ബിൽ നം/തിയതി | ചെലവ് |
|---|---|
| 1175782/16/03/18 | 63,300/- |
| ആകെ | 63,300/- |

ഡെപ്പാസിറ്റ് വർക്കിനായി K.S.E.B ക്ക് നൽകിയ പ്രസ്തുത തുകയ്ക്കുള്ള പൂർത്തീകരണ സർട്ടിഫിക്കറ്റ് ഓഡിറ്റ് വേളയിൽ ഹാജരാക്കിയിട്ടില്ല.ആയത് ലഭ്യമാക്കുവാനായി കത്ത് നൽകിയിട്ടുണ്ടെന്നും രേഖാമൂലം വിശദീകരിച്ചിട്ടുണ്ട്.

III)പ്രോജക്റ്റ് നം:SO213/18

വാട്ടർ അതോറിറ്റിക്ക് പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിനായി താഴെ പറയുന്ന പ്രകാരം K.W.A ക്ക് 55,000/- രൂപ നൽകിയിട്ടുണ്ട്:

| ബിൽ നം/തിയതി | ചെലവ് |
|---|---|
| 1222325/21/3/18 | 55,000/- |
| ആകെ | 55,000/- |

പ്രസ്തുത പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിന് കയറംകുളം പുളിൻചുവട് റോഡ് നാഷണൽ ഹൈവേ റോഡ് മുറിക്കേണ്ട സാഹചര്യം ആവശ്യമാണെന്നതിനാൽ എൻ.എച്ച്. അതോറിറ്റിയുടെ എസ്റ്റിമേറ്റ് പ്രകാരം തുക പഞ്ചായത്ത് അടവാക്കിയിട്ടുണ്ട്.റോഡ് മുറിക്കുന്നതിനുള്ള അനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി പൂർത്തീകരിക്കുന്നതാണെന്ന് സെക്രട്ടറി രേഖാമൂലം വിശദീകരിച്ചിട്ടുണ്ട്.

IV) പ്രൊജക്റ്റ് നം.SO04/17-18

സെക്രട്ടറി സമ്പൂർണ്ണ വൈദ്യുതീകരണത്തിന് K.S.E.B ക്ക് തുക കൈമാറുന്നതിനായി ധനകാര്യകമ്മീഷൻ അവാർഡിൽ നിന്നും ലഭ്യമായ 3,30,375/- അടങ്കലായി വകയിരുത്തിയിട്ടുണ്ട്. ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| ബിൽ നം. / തിയതി | ചെലവ് |
|---|---|
| 271191/25/07/2017 | 3,30,375/- |
| ആകെ | 3,30,375/- |

ചെലവ് തുകയായ 3,30,375/- അസിസ്റ്റന്റ് എഞ്ചിനീയർ K.S.E.B. ആലത്തൂരിന് നൽകിയിട്ടുണ്ട്.പ്രസ്തുത തുകയ്ക്കുള്ള സമ്പൂർണ്ണ വൈദ്യുതീകരണ സാക്ഷ്യപത്രം ലഭ്യമാക്കുവാനായി ബന്ധപ്പെട്ട ഓഫീസിലേക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി രേഖാമൂലം വിശദീകരണം ലഭ്യമാക്കിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

മേൽ സൂചിത പ്രോജക്റ്റുകൾ പ്രകാരം സെക്രട്ടറി ഡെപ്പോസിറ്റ് വർക്കുകൾക്കായി K.S.E.B ക്കും, K.W.A ക്കും നൽകിയ തുകയ്ക്കുള്ള മോണിറ്ററിംഗ് റിപ്പോർട്ട്, പ്രവൃത്തി പൂർത്തീകരണ സർട്ടഫിക്കറ്റ്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റിന് ഹാജരാക്കുവാനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-10 പഞ്ചായത്ത് പരിപാലിക്കുന്ന തെരുവ് വിളക്കുകളുടെ വിവരം

2017-18 ലെ സാമ്പത്തിക വർഷത്തെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന തെരുവ് വിളക്കുകൾ വാങ്ങിയിട്ടുള്ളതായി പരിശോധനയിൽ ബോദ്ധ്യപ്പെട്ടു :

a)ചന്ദ്രമംഗലത്ത് ഇലക്ട്രിക്കൽസിൽ നിന്നും 26/09/2017 ലെ ഇൻവോയ്സ് പ്രകാരം 36/40 വാട്ട്സ് ട്യൂബ് ലൈറ്റ് 1000 എണ്ണം വാങ്ങിയിട്ടുണ്ട്.27/04/2018 ന് പ്രസ്തുത വിളക്കുകളുടെ നീക്കിയിരിപ്പ് 121 എണ്ണമാണ്. (ആയത് പ്രകാരം 879 ബൾബുകൾ വിവിധ ഇലക്ട്രിക്ക് പോസ്റ്റുകളിൽ സ്ഥാപിക്കുന്നതിനായി വിതരണം ചെയ്തിട്ടുണ്ട്.)

b) ചന്ദ്രമംഗലത്ത് ഇലക്ട്രിക്കൽസിൽ നിന്നും 23/09/2017 ന് CFL Retrofit lamp 18 watts ബൾബുകൾ 200 എണ്ണം വാങ്ങിയിട്ടുണ്ട്.17/01/2018 ന് നീക്കിയിരിപ്പൊന്നും ഇല്ല. (200 എണ്ണവും വിതരണം ചെയ്യപ്പെട്ടിട്ടുണ്ട്)

c)15 watts LED ബൾബുകൾ 14/02/2018ന് 450 എണ്ണം വാങ്ങിയിട്ടുണ്ട്.24/04/2018

നീക്കിയിരിപ്പൊന്നും ഇല്ല.(450എണ്ണവും വിതരണം ചെയ്യപ്പെട്ടിട്ടുണ്ട്).

പഞ്ചായത്തിന്റെ പരിധിയിൽ നിലവിലുള്ള പ്രവർത്തനക്ഷമമായ തെരുവ് വിളക്കുകളുടെ വിവരം അന്വേഷണ നം.2/22/10/2018 മുഖേന ആവശ്യപ്പെട്ടതിനെ തുടർന്ന് താഴെ പറയുന്ന കണക്കുകൾ സെക്രട്ടറി ഹാജരാക്കുകയുണ്ടായി :

| | |
|---|---|
| സി.എഫ്.എൽ. | 508 എണ്ണം |
| ട്യൂബ് | 353 എണ്ണം |
| എൽ.ഇ.ഡി. | 665 എണ്ണം |

മേൽ സൂചിത വിവരങ്ങളിൽ നിന്നും പഞ്ചായത്തിൽ സൂക്ഷിച്ച് വരുന്ന സ്ട്രീറ്റ് ലൈറ്റ് രജിസ്റ്ററിലെ കണക്കുകളും, സെക്രട്ടറി രേഖാമൂലം തന്ന കണക്കുകളും പൊരുത്തപ്പെടുന്നില്ലായെന്ന് മനസ്സിലാക്കാവുന്നതാണ്.

നിലവിൽ K.S.E.B. ഉദ്യോഗസ്ഥരും, പഞ്ചായത്ത് അധികൃതരും ചേർന്ന് സംയുക്ത പരിശോധനയിലൂടെ പഞ്ചായത്തിന്റെ പരിധിയിലുള്ള തെരുവ് വിളക്കുകളുടെ വിശദവിവരങ്ങൾ തിട്ടപ്പെടുത്തിയിട്ടില്ല. ആയതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതായി സെക്രട്ടറി രേഖാമൂലം വിശദീകരിച്ചിട്ടുണ്ട് (അന്വേഷണ നം. 2/22.10.2018).തെരുവ് വിളക്കുകളുടെ എണ്ണം, തരം എന്നിവയുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തി തെരുവ് വിളക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തി വരുന്നുണ്ട്. നാളിത് വരെ 59 മീറ്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ തെരുവ് വിളക്കുകൾക്കായി 6 മീറ്റർ സ്ഥാപിക്കുന്നതിനായി K.S.E.B യിലേക്ക് ഡെപ്പോസിറ്റ് വർക്കിലുൾപ്പെടുത്തി 78,000/- രൂപ അടങ്കലായി വകയിരുത്തി 63,300/- രൂപ നൽകിയിട്ടുണ്ട്. (പ്രൊജക്റ്റ് നം.SO212/18).2018-19 സാമ്പത്തിക വർഷത്തിൽ ശേഷിക്കുന്ന മീറ്ററിംഗ് സംവിധാനത്തിൽ ഉൾപ്പെടാത്ത പ്രദേശങ്ങളിൽ മീറ്ററുകൾ സ്ഥാപിക്കുന്നതിനായി പ്രൊജക്റ്റ് നം.35 പ്രകാരം 2,90,000/- രൂപ വകയിരുത്തിയിട്ടുണ്ട്. മീറ്റർ പരിധിയിലുൾപ്പെടാത്ത തെരുവ് വിളക്കുകൾക്ക് താഴെ പറയുന്ന നിരക്കിൽ വൈദ്യുതി കരം അടവാക്കപ്പെടുന്നുണ്ട് :

| | |
|---|---|
| സി.എഫ്.എൽ സിംഗിൾ | 22 രൂപ പ്രതിമാസം |
| സി.എഫ്.എൽ ഡബ്ബിൾ | 32 രൂപ പ്രതിമാസം |
| ട്യൂബ് സിംഗിൾ | 66 രൂപ പ്രതിമാസം |

| | |
|---|---|
| എൽ.ഇ.ഡി. ലൈറ്റ് | 20 രൂപ പ്രതിമാസം |
| ഡബ്ബിൾ ട്യൂബ് | 134 രൂപ പ്രതിമാസം |

തെരുവ് വിളക്കുകളുടെ പ്രകാശിപ്പിക്കലിനെ സംബന്ധിച്ച് സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിലും, ഭരണസമിതി യോഗത്തിലും പൊതുവായി വിലയിരുത്താറുണ്ട്. തെരുവ് വിളക്കുകളുടെ വാർഷിക അറ്റകുറ്റപണി കരാറടിസ്ഥാനത്തിൽ ചെയ്ത് വരുവാനായി 2,04,386/- രൂപ നൽകിയിട്ടുണ്ട്. ഇവയ്ക്കുള്ള സാധനസാമഗ്രികൾക്കായി പദ്ധതിയിലുൾപ്പെടുത്തി 4,00,000/- രൂപ നൽകിയിട്ടുണ്ട്.2017-18 ൽ വൈദ്യുതി ചാർജ്ജിനത്തിൽ 6,85,291/- രൂപ അടവാക്കിയിട്ടുണ്ട്. വൈദ്യുതോപകരണങ്ങൾക്കുള്ള സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ച് വരുന്നുണ്ട്. ഉപയോഗശൂന്യമായ വൈദ്യുതോപകരണങ്ങൾ കരാറുകാരിൽ നിന്നും ലഭ്യമാവുന്നത് സൂക്ഷിച്ച് വരുന്നുണ്ട്. ഇവ സ്ക്രാപ്പ് ആയി കണക്കിലെടുത്ത് ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. മീറ്ററിംഗ് നിലവിലുള്ളതും, അല്ലാത്തതുമായ കൺസ്യൂമർ നമ്പറിന് കീഴിലുള്ളവയ്ക്ക് മീറ്റിംഗ് സംവിധാനത്തോട് കൂടിയ ഓട്ടോമാറ്റിക്ക് തെരുവ് വിളക്കുകൾ സ്ഥാപിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.ആയതിനുള്ള ടെക്നിക്കൽ സഹായം K.S.E.B. നൽകുന്നതും ആവശ്യമായ തുക K.S.E.B യിൽ ഒടുക്കേണ്ടതുമാണ്.

2. K.S.E.B യുമായി പഞ്ചായത്ത് അധികൃതർ സംയുക്തമായി പരിശോധന നടത്തി പഞ്ചായത്തിന്റെ പരിധിയിലുള്ള തെരുവ് വിളക്കുകളുടെ എണ്ണം, തരം എന്നിവ തിട്ടപ്പെടുത്തി സ്ട്രീറ്റ് ലൈറ്റ് സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

3. ഡബ്ബിൾ ട്യൂബ്, ട്യൂബ്, സി.എഫ്.എൽ., എന്നിവയ്ക്ക് പകരം വൈദ്യുതി ഉപഭോഗം താരതമ്യേന കുറഞ്ഞതും, പ്രവർത്തനക്ഷമത കൂടിയതുമായ എൽ.ഇ.ഡി. ബൽബുകൾ ഉപയോഗിക്കുവാനുള്ള സാധ്യത പരിഗണിക്കേണ്ടതാണ്.
4. ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള മുഴവൻ തെരുവ്‌വിളക്കുകളുടെ വിവരങ്ങൾ പോസ്റ്റ് നമ്പർ ഉൾപ്പെടുത്തി ഒരു മെയിന്റനൻസ് രജിസ്റ്റർ തയ്യാറാക്കേണ്ടതാണ്. ഇതിന്റെ കൃത്യത പഞ്ചായത്ത് സെക്രട്ടറി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ് (17.8.2015ലെ ഇ2/44274/2015 നമ്പർ ഉത്തരവ്)

നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കി വിശദാംശങ്ങൾ ഓഡിറ്റിന്

സമർപ്പിക്കേണ്ടതാണ്.

## 3-11 കൺവീനർ പ്രവൃത്തികളിൽ സിമന്റ്, കമ്പി മുതലായവ വാങ്ങിയതിന്റെ ബിൽ ഹാജരാക്കിയിട്ടില്ല. പണമിടപാടുകൾ അക്കൗണ്ടിലൂടെയല്ല നിർവ്വഹിച്ചിട്ടുള്ളത്

തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ പൊതുമരാമത്ത് പ്രവൃത്തികൾ ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കുമ്പോൾ നിർവ്വഹണ ഉദ്യോഗസ്ഥന്മാർ പാലിക്കേണ്ട നിർദ്ദേശങ്ങൾ 1/1559/2010/സി.ഇ/തീ. 13.11.2014 നമ്പർ സർക്കുലറിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. ഇതു പ്രകാരം കൺവീനറുടെയും ചെയർമാന്റെയും പേരിൽ സ്ഥലത്തെ ഒരു അംഗീകൃത ബാങ്കിൽ ജോയിന്റ് അക്കൗണ്ട് ആരംഭിച്ച് പ്രസ്തുത അക്കൗണ്ടിലൂടെ മാത്രമേ പണമിടപാടുകൾ നടത്താൻ പാടുള്ളൂ. എന്നാൽ അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ കൺവീനർ പ്രവൃത്തികളിൽ കൺവീനറുടെയും ചെയർമാന്റെയും പേരിൽ സ്ഥലത്തെ ഒരു അംഗീകൃത ബാങ്കിൽ ജോയിന്റ് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ടെങ്കിലും പണമിടപാടുകൾ അക്കൗണ്ടിലൂടെയല്ല നടത്തിയിട്ടുള്ളത്.

ബിറ്റുമിൻ, സിമന്റ്, സ്റ്റീൽ എന്നിവയ്ക്ക് TIN നമ്പറോടുകൂടിയ ബിൽ ഹാജരാക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികൾക്ക് സിമന്റ്, സ്റ്റീൽ എന്നിവയ്ക്ക് TIN നമ്പറോടുകൂടിയ ബിൽ ഹാജരാക്കിയിട്ടില്ല.

1.കോട്ടപ്പള്ള കൊട്ടിൽപ്പാറ റോഡ് മെച്ചപ്പെടുത്തൽ

(pro. 61/17, 64/17-18)

കൺവീനർ : ഗോപാലൻ

| ഇനം | അളവ് |
|---|---|
| 5 സിമന്റ് കോൺക്രീറ്റ് 1: 2: 4 | 1.25 $m^3$ |
| 6 6mm സിമന്റ് പ്ലാസ്റ്റർ 1: 3 | 11.20 $m^2$ |
| 7 സ്റ്റീൽ റീ ഇൻഫോഴ്സ്മെന്റ് | 59.52 kg |
| 10 സിമന്റ് കോൺക്രീറ്റ് 1: 2: 4 | 49.97 $m^3$ |

കൺവീനറുടെ പേരിൽ അക്കൗണ്ട് തുടങ്ങിയിട്ടുണ്ടെങ്കിലും പണമിടപാടുകൾ അക്കൗണ്ടിലൂടെയല്ല നടത്തിയിട്ടുള്ളത്.

2.എറവക്കോട് ചെക്ക് ഡാം നിർമ്മാണം

പ്രൊ. നമ്പർ : 150/17, 87/18

കൺവീനർ : രവികുമാർ. ആർ

| ഇനം | അളവ് |
|---|---|
| 4 സിമന്റ് കോൺക്രീറ്റ് 1: 4: 8 | 7.11 $m^3$ |
| 5 സിമന്റ് കോൺക്രീറ്റ് 1: 3 : 6 | 17.22 $m^3$ |
| 6 സിമന്റ് കോൺക്രീറ്റ് 1: 3: 6 | 27.75 $m^3$ |
| 8 റീഇൻ.സിമന്റ് കോൺക്രീറ്റ്<br>1: 1.5: 3 | 7.15 $m^3$ |
| 9 സ്റ്റീൽ വർക്ക് | 153.95 kg |
| 11 6mm സിമന്റ് പ്ലാസ്റ്റർ 1: 3 | 66.5 $m^2$ |

കൺവീനറുടെ പേരിൽ അക്കൗണ്ട് ആരംഭിച്ചിട്ടില്ല.

ഇതു സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം. 7 /17-18/തീയതി- 27.10.2018) രേഖകൾ സൂക്ഷിക്കുന്നതിൽ വന്ന വീഴ്ചയാണെന്നും മേലിൽ ഇത്തരം അപാകത ആവർത്തിക്കില്ലെന്നും അറിയിച്ചിട്ടുണ്ട്. ഇത്തരം അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-12 ടെന്റർ ഫോറങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യമാക്കിയിട്ടില്ല

പഞ്ചായത്തിലെ വിവിധ പ്രവൃത്തികൾക്കുവേണ്ടിയുള്ള ടെന്റർ ഫോറങ്ങൾ പഞ്ചായത്തിൽ നിന്നും വിതരണം ചെയ്തിട്ടുണ്ടെങ്കിലും അവയുടെ സ്റ്റോക്ക് സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ കൃത്യമാക്കിയിട്ടില്ല. അസി.എഞ്ചിനീയർ സൂക്ഷിക്കുന്ന രശീതി പ്രകാരം 2017-18 സാമ്പത്തിക വർഷത്തിൽ 143 ടെന്റർ ഫോറങ്ങൾ വിവിധ കരാറുകാർക്ക് വിതരണം ചെയ്തതായി കണ്ടെത്തിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ നിന്നും ലഭിച്ച ടെന്റർ ഫോറങ്ങളുടെ വിവരങ്ങൾ അസി. എഞ്ചിനീയർ സൂക്ഷിക്കുന്ന സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിവെക്കണമെന്നിരിക്കെ ഇപ്രകാരമുള്ള ഒരു സ്റ്റോക്ക് രജിസ്റ്റർ അസി. എഞ്ചിനീയർ സൂക്ഷിക്കുന്നില്ല. നിർവ്വഹിക്കപ്പെടുന്ന പ്രവൃത്തിയുടെ അടങ്കലിനനുസരിച്ച് ഒരു ടെന്റർ ഫോറത്തിന് 2500 രൂപ വരെ വിലയുണ്ടെന്നിരിക്കെ ഇവയുടെ സ്റ്റോക്ക് കൃത്യമായി രേഖപ്പെടുത്തി വെക്കാത്തത് ഗുരുതരമായ വീഴ്ചയാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. അസി.എഞ്ചിനീയറും സെക്രട്ടറിയും അതത് സ്റ്റോക്ക് രജിസ്റ്ററുകൾ കൃത്യമാക്കിവെക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 9 /17-18/തീയതി- 27.10.2018) ലഭ്യമാക്കിയ മറുപടിയിൽ വിഷയം ഗൗരവമായി കാണുന്നുവെന്നും നിലവിലുള്ള ടെന്റർ ഫോറം കണക്കിലെടുത്ത് സ്റ്റോക്ക് രജിസ്റ്റർ കൃത്യമാക്കിവെക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

## 3-13 എസ്.സി വനിതകൾക്ക് തൊഴിൽ കേന്ദ്രം - നാളിതുവരെ തൊഴിൽകേന്ദ്രം പ്രവർത്തനക്ഷമമാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്

പ്രൊജക്റ്റിന്റെ പേര് - എസ്.സി വനിതകൾക്ക് തൊഴിൽ കേന്ദ്രം

പ്രൊജക്റ്റ് നം. - 199/18

അടങ്കൽ - 433550 (എസ്.സി.പി)

ചെലവ് - 433550

ബിൽ നം. - 152/18/12-2-2018

എം.ബുക്ക് നം. - 479/16-17

മേൽ പ്രൊജക്ട് പ്രകാരം കെട്ടിട നിർമ്മാണം പൂർത്തിയായിട്ടുണ്ട്. എന്നാൽ തൊഴിൽ സംരംഭം ആരംഭിക്കാൻ ആവശ്യമായ വൈദ്യുതീകരണ പ്രവർത്തനം ആരംഭിക്കുകയോ ആവശ്യ ആവശ്യമായ പ്രൊജക്റ്റ് ആവിഷ്ക്കരിക്കുകയോ ചെയ്തിട്ടില്ല. ആയതുകൊണ്ട് ഇവയ്ക്ക് ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 18 /17-18/തീയതി-30.10.2018) ലഭ്യമാക്കിയ മറുപടിയിൽ അടുത്ത സാമ്പത്തിക വർഷത്തിൽതന്നെ തുടർ പ്രൊജക്റ്റുകൾ ആവിഷ്ക്കരിച്ച് കെട്ടിടം ഉപയോഗപ്രദമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. എസ്. സി ഫണ്ട് ഉപയോഗിച്ച നിർമ്മിക്കുന്ന കെട്ടിടം ലക്ഷ്യത്തിൽ നിന്നും വ്യതിചലിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-14 ' മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ' മരുന്നിന്റെ പേര് ടെന്ററിലും ബില്ലിലും രേഖപ്പെടുത്തിയത് വ്യത്യസ്തം

പ്രൊ. നം. : 211/18

അടങ്കൽ : 25000

ചെലവ് : 24999

ബിൽ നം. : P 8/2017-18/8.3.2018

നിർവ്വഹണം : വെറ്ററിനറി സർജൻ

ആവശ്യമുള്ള മരുന്നുകളെ രേഖപ്പെടുത്തിക്കൊണ്ട് ടെന്റർ ക്ഷണിച്ചതിൽ മരുന്നിന്റെ പേരും തുകയും രേഖപ്പെടുത്തിക്കൊണ്ടുള്ള വിവിധ ടെന്ററുകൾ ലഭിക്കുകയും ഇവയിൽ ഏറ്റവും കുറവ് തുക രേഖപ്പെടുത്തിക്കൊണ്ടുള്ള Cure & Care Agencies എന്ന സ്ഥാപനത്തിന്റെ ടെന്റർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ലഭ്യമാക്കിയ ബില്ലിൽ രേഖപ്പെടുത്തിയ മരുന്നിന്റെ പേരും ടെന്ററിൽ രേഖപ്പെടുത്തിയ മരുന്നിന്റെ പേരും വ്യത്യസ്തമായാണ് കാണപ്പെടുന്നത്. ചില ഉദാഹരണം താഴെ കൊടുക്കുന്നു.

| ടെന്ററിൽ രേഖപ്പെടുത്തിയ പേര് | ബില്ലിൽ രേഖപ്പെടുത്തിയ പേര് |
|---|---|
| Amitraz 1000ml | Polimitraz 1000ml |
| Meloxican bolus 4' s | Melonex 4' s |
| Sulpha Trimethoprin bolus 4' s | Biotrim DS 4' s |

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 20 /17-18/തീയതി- 31.10.2018) ലഭ്യമാക്കിയ മറുപടിയിൽ

ടെന്ററിൽ മരുന്നിന്റെ ഘടകവും, ബില്ലിൽ മരുന്നിന്റെ പേരുമാണ് ചേർത്തിട്ടുള്ളത് എന്നും ആവശ്യപ്പെട്ട മരുന്ന ഘടകം ബില്ലിൽ രേഖപ്പെടുത്തിയ മരുന്നിൽ ഉൾപ്പെട്ടിട്ടുള്ളതാണ് എന്നും അറിയിച്ചിട്ടുണ്ട്. ആവശ്യപ്പെട്ട ഘടകം തന്നെയാണ് ലഭ്യമായിട്ടുള്ളത് എന്ന് വ്യക്തമാകുന്നവിധത്തിൽ ബില്ലിൽ രേഖപ്പെടുത്തലുകൾ കൃത്യമാക്കാൻ ആവശ്യമായ നടപടികൾ ഉണ്ടാകേണ്ടതാണ്.

## 3-15 ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളുടെ പ്രവർത്തനം- അവലോകനം

2017-18 സാമ്പത്തിക വർഷത്തിൽ തേങ്കുറിശ്ശി ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ 25അങ്കണവാടികൾ പ്രവർത്തിച്ച് വരുന്നുണ്ട്. ഇവയിൽ 25 വർക്കറും, 25 ഹെൽപ്പറും സേവനമനുഷ്ഠിച്ച് വരുന്നുണ്ട്.

2017-18 സാമ്പത്തിക വർഷത്തിൽ അങ്കണവാടികളുടെ വനിത ശിശു വികസന വർക്കിംഗ് ഗ്രൂപ്പ് 19.04.2017നും, 6.05.2017നുമായി രണ്ട് തവണ ചേർന്നിട്ടുണ്ട് . വർക്കിംഗ് ഗ്രൂപ്പ് യോഗ മിനുട്സ് പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന പ്രകാരം ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാനായുള്ള തീരുമാനങ്ങൾ സ്വീകരിച്ചിട്ടുണ്ട്.

1. ചുമർ ചിത്രങ്ങളോട് കൂടി വൈറ്റ് വാഷിംഗ്
2. ടൈൽസ് ഇടാത്ത അങ്കണവാടികൾക്ക് ടൈൽസ്
3. ചെള്ളിയാർത്തറ അങ്കണവാടിക്ക് സ്ഥലം
4. എല്ലാ അങ്കണവാടികൾക്കും വാട്ടർ ടാങ്ക്
5. അങ്കണവാടികൾക്കുള്ള ബേബി ബെഡ്
6. അങ്കണവാടികൾക്കുള്ള ഫർണീച്ചർ

മേൽ സൂചിത തീരുമാനങ്ങൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും അങ്കണവാടികൾക്ക് താഴെ പറയുന്ന അടിസ്ഥാന സൗകര്യങ്ങൾ നിലവിലില്ലായെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ രേഖാമൂലം വിശദീകരിച്ചിട്ടുണ്ട് (അന്വേഷണ നം:12/30.10.2018) .

| | |
|---|---|
| സ്വന്തമായി കെട്ടിടം ഇല്ലാത്ത അങ്കണവാടികളുടെ എണ്ണം | 02 |
| വാടകയ്യെടുത്ത അങ്കണവാടികളുടെ എണ്ണം | 02 |
| വൈദ്യുതി ഇല്ലാത്തവയുടെ എണ്ണം | 01 |
| ഫാൻ ഇല്ലാത്തവയുടെ എണ്ണം | 02 |
| ബേബി ഫ്രണ്ട്‌ലി ടോയലറ്റ് ഇല്ലാത്തവയുടെ എണ്ണം | 18 |
| ശുദ്ധജല സംഭരണികൾ ഇല്ലാത്തവയുടെ എണ്ണം | 02 |
| ചുറ്റ് മതിൽ ഇല്ലാത്തവയുടെ എണ്ണം | 01 |
| കമ്പ്യൂട്ടർ ലഭിച്ചിട്ടുള്ള അങ്കണവാടികളുടെ എണ്ണം | 14 |
| വൈറ്റ് വാഷിംഗ് ചെയ്യാത്തവയുടെ എണ്ണം | 19 |
| ഫിറ്റനസ് സർട്ടിഫിക്കറ്റ് ലഭിക്കാത്ത സെന്ററുകളുടെ എണ്ണം | 01 |

അങ്കണവാടികൾക്കുള്ള ബേബി ബെഡും, ഫർണ്ണീച്ചറും, ലഭ്യമാക്കുവാനായി 2017-18 സാമ്പത്തിക വർഷത്തിൽ പ്രൊജക്റ്റുകൾ രൂപീകരിക്കപ്പെട്ടിട്ടുണ്ടെങ്കിലും ആയത് നിർവ്വഹിക്കുകയുണ്ടായില്ല. പർച്ചേസ് കമ്മിറ്റി കൂടി ഗുണമേന്മ നോക്കി ഓർഡർ നൽകിയതിന് ശേഷം ട്രഷറിയിൽ നൽകിയ ബില്ല് പ്രകാരം തുക ലഭ്യമാവാത്തതിനാൽ 2018-19 സാമ്പത്തിക വർഷത്തിൽ സ്പിൽ ഓവറായി വിനിയോഗിച്ചിട്ടുണ്ടെന്നും നിർവ്വഹണ ഉദ്യോഗസ്ഥ രേഖാമൂലം അറിയിച്ചിട്ടുണ്ട്.

ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം വിലയിരുത്തൽ.

ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനുട്സ് പരിശോധനയിൽ നിന്നും 10/05/2017 ലെ 2/2017-18 നം. തീരുമാന പ്രകാരവും, 14/03/2018 ലെ ക്ഷേമകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി മിനുട്സിലെ തീരുമാന പ്രകാരവും, അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായുള്ള വിവിധ പ്രൊജക്റ്റുകൾ അംഗീകരിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

സർക്കുലർ നം. 31055/ഡി.സി.2/2011/ത.സ്വ.ഭ.വ 22/3/11 പ്രകാരം അങ്കണവാടികളുടെ അറ്റകുറ്റപണികൾ നടത്തുവാനും സുരക്ഷിതത്വ സംവിധാനങ്ങൾ ഏർപ്പെടുത്തുവാനും പഞ്ചായത്ത് സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ച് സർക്കാർ താഴെപറയും നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട് :

1. പഞ്ചായത്തിന്റെ അധീനതയിലുള്ള അങ്കണവാടികളുടെ വാർഷിക അറ്റകുറ്റപണികൾ എല്ലാ വർഷവും ഏപ്രിൽ, മെയ് മാസങ്ങളിലായി പൂർത്തിയാക്കേണ്ടതാണ്.

2. വൈറ്റ് വാഷിംഗ്, പെയിന്റിംഗ്, ചുറ്റുമതിൽ എന്നിവയുടെ കേടുപാടുകൾ തീർത്ത്

പെയിന്റിംഗ് നടത്തി ആവശ്യമായ സന്ദേശങ്ങൾ എഴുതേണ്ടതാണ്.

3. ഭൗതിക സൗകര്യങ്ങൾ ലഭ്യമായ സുരക്ഷിതത്വമുള്ള കെട്ടിടങ്ങൾ മാത്രമെ അങ്കണവാടികൾക്കായി വാടകയ്ക്കെടുക്കുവാൻ പാടുള്ളൂ.
4. വൈദ്യുത കണക്ഷൻ ഇല്ലാത്തതും, ബേബി ഫ്രണ്ട്‌ലി ടോയ്‌ലറ്റും, ഫാനില്ലാത്തതുമായ അങ്കണവാടികൾക്ക് ആയത് ലഭ്യമാക്കുവാനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപന അദ്ധ്യക്ഷൻ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ പേഴ്സൺ, ICDS സൂപ്പർവൈസർ എന്നിവരെ ഉൾപ്പെടുത്തി പഞ്ചായത്തിലെ അങ്കണവാടികളുടെ അവസ്ഥാ വിശകലനം നടത്തി ഭൗതിക സാഹചര്യങ്ങൾ ലഭ്യമാക്കുവാനുള്ള പരിഹാര നടപടികൾ സ്വീകരിച്ച് വിശദവിവരങ്ങൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

## 3-16 <u>ടി.എച്ച്.ആർ.എസ്. ഭക്ഷ്യ മിശ്രിതം - ലാബ് റിപ്പോർട്ട് ലഭ്യമായിട്ടില്ല</u>

അങ്കണവാടികളിലൂടെ വിതരണം ചെയ്യുന്ന ന്യൂട്രിമിക്സ് സാമ്പിളുകൾ ചെന്നൈ ലാബിലേക്ക് 2 തവണ പരിശോധനയ്ക്കായി അയച്ചിട്ടുണ്ട്. 9.10.2017 ന് ഒരു തവണ ലാബ് റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. ഓഡിറ്റ് വേളയിൽ പരിശോധനയ്ക്ക് ലഭ്യമാക്കിയ പ്രസ്തുത റിപ്പോർട്ട് പോസിറ്റീവാണെന്ന് ബോദ്ധ്യമായിട്ടുണ്ട്. ബാക്കിയുള്ള പായ്ക്കറ്റുകൾ പൊട്ടിയത് കാരണം മുഴുവനായി പരിശോധനയ്ക്ക് വിധേയമാക്കാൻ സാധ്യമായില്ലായെന്നും തിരികെ ലഭ്യമായിയെന്നും സി.ഡി.പി.ഒ. രേഖാമൂലം അറിയിച്ചതായി ഐ.സി.ഡി.എസ്. സൂപ്പർവൈസർ രേഖാമൂലം വിശദീകരിച്ചിട്ടുണ്ട്. (അന്വേഷണ നം.12/30.10.2018) സാമൂഹ്യ ക്ഷേമ ഡയറക്ടറുടെ 18.12.2010 ലെ ICDS.ബി.3-312/2010 നമ്പർ കത്ത് പ്രകാരം ശിശു വികസന/പ്രോഗ്രാം ഓഫീസർമാർക്ക് ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കി തൃപ്തികരമാണെന്നുള്ള റിപ്പോർട്ട് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ സാമ്പിളുകൾ തൃപ്തികരമല്ല എന്നാണ് ലാബ് റിപ്പോർട്ടെങ്കിൽ ഭക്ഷ്യ മിശ്രിതത്തിന്റെ വില ആയവ വിതരണം ചെയ്ത കുടുംബശ്രീ യൂണിറ്റുകൾക്ക് നൽകേണ്ടതില്ല എന്നും അറിയിച്ചിട്ടുണ്ട്. ടി.എച്ച്.ആർ.എസ്. ഭക്ഷ്യ മിശ്രിതത്തിന്റെ സാമ്പിളുകളുടെ ലാബ് റിപ്പോർട്ട് അനുവദനീയമായ സമയപരിധിയായ ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ അനന്തര നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ക്ഷേമകാര്യ

സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതുമാണ്.

## 3-17 സംയുക്ത ഉഴവുകൂലി - വകയിരുത്തിയ മുഴവൻ ഫണ്ടും ലഭ്യമായിട്ടില്ല

പ്രോജക്ട് നം 106/18

ഗ്രാമപഞ്ചായത്തിലെ ആകെ 800 ഹെക്ടർ കൃഷിഭൂമിയിൽ നെൽകൃഷി ചെയ്യുന്നതിനായി 31 പാടശേഖരസമിതികളിലായി രജിസ്റ്റർ ചെയ്ത 1786 കർഷകർക്ക് 13250 രൂപ വീതം ഉഴവുകൂലി സബ്സിഡി നൽകുന്നതിനാണ് പ്രോജക്ട് ലക്ഷ്യമിടുന്നത്. ഇതിനായി ആകെ വകയിരുത്തിയ തുക 7300000 രൂപയാണ്. എന്നാൽ വകയിരുത്തിയ തുകയുടെ 50 % മാത്രമാണ് ചെലവഴിച്ചിരിക്കുന്നത്. കർഷകർക്ക് ഹെക്ടറിന് 4488 രൂപ ലഭ്യമാക്കുന്നതിനേ കഴിഞ്ഞിട്ടുള്ളൂ. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| അടങ്കൽ | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|
| വികസനഫണ്ട് (പൊതു) | 2920000 (40 %) | 2920000 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 730000 (10 %) | 670500 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 3650000 (50 %) | തുക ലഭ്യമായിട്ടില്ല |

13-ാം പദ്ധതി മാർഗ്ഗരേഖ പ്രകാരം ഒരു ഗുണഭോക്താവിന് ഉഴവുകൂലി സബ്സിഡി ആയി ഹെക്ടറിന് 17000 രൂപ നൽകാവുന്നതാണ്. ഇതിനായി ഗ്രാമപഞ്ചായത്ത് 50 % തുകയും ബാക്കി തുക ബ്ലോക്ക് ജില്ലാ വിഹിതമായി വകയിരുത്തേണ്ടതുമാണ്. കരട് പദ്ധതി രേഖ തയ്യാറാക്കുന്നതിന് മുമ്പ് സംയുക്ത പ്രോജക്ടുകളെക്കുറിച്ച് ചർച്ച ചെയ്ത് വിഭവസമാഹരണം ഉറപ്പിക്കുന്നതിനായി സ്ഥാപനമേധാവികളുടെ സംയുക്ത യോഗം നിർബന്ധമായും ചേരേണ്ടതും സംയുക്ത പ്രോജക്ടിൽ ഉൾപ്പെടുന്ന തദ്ദേശ സ്ഥാപനങ്ങൾ തമ്മിൽ കരാറിൽ ഏർപ്പെടേണ്ടതുമാണ്. കൂടാതെ ജി.ഒ.(പി). നം 7/17 തീയതി 23.1.17 പ്രകാരം സംയുക്ത പ്രേജക്ടുകൾക്കായി രൂപീകരിച്ചിരിക്കുന്ന ജോയിന്റ് വെൻച്വർ അക്കൗണ്ടിലേക്ക് 2017 സെപ്തംബർ 30 നകം ഒറ്റ ഇൻസ്റ്റാൾമെന്റായി മറ്റ് തദ്ദേശ സ്ഥാപനങ്ങൾ വകയിരുത്തിയ തുക മുഴവനായി ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യേണ്ടതുമാണ്.

ജില്ലാ പഞ്ചായത്ത് വിഹിതമായി 50 % തുകയും ബ്ലോക്ക് വിഹിതമായി 10 %

തുകയും ഗ്രാമപഞ്ചായത്ത് വിഹിതമായി 40 % തുകയും വകയിരുത്തിക്കൊണ്ടാണ് മേൽ പ്രോജക്ട് രൂപീകരിച്ചിരിക്കുന്നത്. വകയിരുത്തിയ ഗ്രാമപഞ്ചായത്ത് വിഹിതം പൂർണ്ണമായും കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്. വകയിരുത്തിയ ബ്ലോക്ക് പഞ്ചായത്ത് വിഹിതം 730000 രൂപയിൽ 670500 രൂപ മാത്രമാണ് ലഭ്യമായിട്ടുള്ളത്. എന്നാൽ ജില്ലാ പഞ്ചായത്ത് വിഹിതം ഒന്നും ലഭ്യമായിട്ടില്ല. ഈ സാഹചര്യത്തിൽ പദ്ധതി പ്രകാരം ഉദ്ദേശിച്ച ധനസഹായം കർഷകർക്ക് ലഭ്യാമാക്കുന്നതിന് സാധിച്ചിട്ടില്ല. മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്കനുസൃതമായി സംയുക്തപ്രോജക്ടിൽ ഉൾപ്പെടുന്ന തദ്ദേശസ്ഥാപനങ്ങളിൽ നിന്നും ഫണ്ട് ലഭ്യമാക്കി നെൽക്കർഷകർക്ക് പരമാവധി സബ്സിഡി തുക നൽകുന്നതിന് ഭാവിയിൽ ശ്രമിക്കേണ്ടതാണ്.

അവസ്ഥാരേഖ അനുസരിച്ച് കാർഷികമേഖലയിലെ പ്രശ്നങ്ങളുടെ അവസ്ഥ വിശകലനം ചെയ്തിട്ടുണ്ട്. ആയത് പ്രകാരം കർഷകത്തൊഴിലാളികളുടെ ദൗർലഭ്യം, വിപണന സൗകര്യമില്ലായ്മ ജലസേചനസൗകര്യങ്ങളുടെ അപര്യാപ്തത എന്നിവ പ്രധാന പ്രശ്നങ്ങളായി വിലയിരുത്തുന്നു. ഭക്ഷ്യോല്പാദനത്തിലെ സ്വയംപര്യാപ്തത, തരിശുഭൂമികൃഷി, യുവാക്കളെ കൃഷിയിലേക്ക് ആകർഷിക്കുന്ന നൂതന പദ്ധതികൾ തയ്യാറാക്കുക, മികച്ച മാർക്കറ്റിംഗ് സൗകര്യം ഇവ വികസനപരിപ്രേക്ഷ്യങ്ങളായും നിർണ്ണയിച്ചിട്ടുണ്ട്. ആദ്യവർഷങ്ങളിലെ നേട്ടങ്ങളും കോട്ടങ്ങളും വിശകലനം ചെയ്തു കൊണ്ട് വരും വർഷങ്ങളിൽ ഈ ലക്ഷ്യങ്ങൾ നേടിയെടുക്കാനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിലേക്ക് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-18 ചെലവു രേഖകൾ ഹാജരാക്കിയിട്ടില്ല

ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ട് നം 114/18 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി ( ജനറൽ) പ്രകാരം 199998 രൂപ ബ്ലോക്ക് പഞ്ചായത്ത് വിഹിതം ചെലവഴിച്ചതായി ഐ.കെ.എം ചെലവു പത്രിക പ്രകാരവും എ.സി.ആർ പ്രകാരവും കാണുന്നു. ആയതിന്റെ ചെലവു രേഖകൾ ഹാജരാക്കിയിട്ടില്ല. ഡയറി എക്സ്റ്റൻഷൻ ഓഫീസർ 2018-19 വർഷത്തെ ചെലവ് രേഖകളാണ് ലഭ്യമാക്കിയത്. ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം നം 22/31.03.18 പ്രകാരം നിർവ്വഹണോദ്യോഗസ്ഥനെ അറിയിച്ചതിനെ തുടർന്ന് ഫയൽ ഹാജരാക്കിയതു പ്രകാരം തുക ടി എസ്. ബി അക്കൗണ്ടിൽ നിന്നും പിൻവലിച്ച് ചെക്ക് നം. 1607887/28.3.18 പ്രകാരം ക്ഷീര സംഘത്തിന്റെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ടെങ്കിലും കർഷകർക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ഇല്ല. മുഴവൻ തുകയും കർഷകർക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കുന്നതു വരെ ചെലവു തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-19 ദേശീയ തൊഴിലുറപ്പ് പദ്ധതി- കാർഷിക മേഖലയിലെ പ്രവൃത്തി വിപുലപ്പെട്ടുത്താവുന്നതാണ്

ദേശീയ തൊഴിലുറപ്പ് പദ്ധതിയിൻകീഴിൽ വിവധ ജലസംരക്ഷണ പ്രവൃത്തികൾ തൻവർഷം ഏറ്റെടുത്തു നടപ്പിലാക്കിയിട്ടുണ്ടെങ്കിലും ഉല്പാദനപരമായതും തൊഴിലുറപ്പിൽ ഏറ്റെടുക്കാവുന്നതുമായ മറ്റു പ്രവൃത്തികൾ ഏറ്റെടുക്കാൻ ശ്രദ്ധിച്ചിട്ടില്ല.

പഞ്ചായത്തു പരിധിയിലുള്ള 1226 ഹെക്ടർ സ്ഥലത്ത് വിവിധയിനം കൃഷികൾ ചെയ്തു വരുന്നുണ്ട്. 3.59 ഹെക്ടർ സ്ഥലം കൃഷിക്ക് ഉപയുക്തമാക്കാവുന്ന തരിശുനിലമാണ്. ഇത്തരം തരിശു നിലങ്ങൾ കൃഷിക്ക് അനുയോജ്യമാക്കുന്നതിനുള്ള പ്രവൃത്തികൾ സമൂഹത്തിൽ അവശത അനുഭവിക്കുന്ന ജനവിഭാഗങ്ങൾക്കായി ഏറ്റെടുക്കാവുന്നതാണെന്ന് സ.ഉ(സ) 1689/15 തസ്വഭവ തീ. 5.6.2015 ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. ആയതിനാൽ ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് തരിശു നിലങ്ങൾ കൃഷിക്ക് അനുയോജ്യമാക്കുന്നതിനുള്ള പ്രവൃത്തികൾ ഏറ്റെടുക്കാനുള്ള സാധ്യതകൾ പരിശോധിക്കേണ്ടതും ഭക്ഷ്യ ലഭ്യതയിൽ സ്വയം പര്യാപ്തത കൈവരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 150000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 150000 | 0 |
| | 2017-18 | 200000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 199998 | 2 |
| | 2017-18 | 676800 | നെൽകൃഷിക്ക് പ്രാരംഭച്ചെലവ് സബ്സിഡി | 676800 | 0 |

നെൽകൃഷിക്ക് പ്രാരംഭച്ചെലവ് സബ്സിഡി പദ്ധതിക്കായി ജില്ലാപഞ്ചായത്ത് വിഹിതമായി 4400000 രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും ജില്ലാപഞ്ചായത്ത് വിഹിതമായി തൻവർഷം തുകയൊന്നും ലഭിച്ചിട്ടില്ല. എന്നാൽ ബാലൻസ് ഷീറ്റ് ബി 4 ഷെഡ്യൂൾ പ്രകാരം ഈ ഇനത്തിൽ 15000 രൂപ മുന്നിരിപ്പ് ഉണ്ട്. ഗായത്രി

വാട്ടർഷെഡ് പ്ലാൻ 2015-16 പ്രകാരം ജില്ലാപഞ്ചായത്ത് വിഹിതമായി ലഭിച്ച ഈ തുക ചെലവഴിച്ചിട്ടില്ലാത്തതിനാൽ തിരികെ അടവാക്കേണ്ടതാണ്.

# 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള സംസ്ഥാന വൈദ്യുതി ബോർഡ് | സ്ട്രീറ്റ് മെയിൻ വലിക്കൽ | 492855/ 27.09.17 | 487830 | 0 | 565500 |
| | | 696737/ 22.11.17 | 39490 | | |
| | | 802610/ 12.01.18 | 37680 | | |
| കേരള സംസ്ഥാന വൈദ്യുതി ബോർഡ് | തെരുവു വിളക്ക് മീറ്റർ സ്ഥാപിക്കൽ | 1175782/ 16.03.18 | 63300 | 63300 | 0 |
| കേരള ജല അതോറിറ്റി | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 1222375/ 21.03.18 | 55000 | 0 | 55000 |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഒന്നുമില്ല

# 4-4 വായ്പ / വായ്പാതിരിച്ചടവ്

ഒന്നുമില്ല

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 15922 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2016-17 | 3-12(2) | 15922 | ശ്രീ.കൃഷ്ണനുണ്ണി, അസിസ്റ്റന്റ് എഞ്ചിനീയർ | 117010106102/ 24.03.18 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2008-09 | 3-1 | 2014-15 | 4.1.13 | തൊഴിൽ സേനക്കായി നൽകിയ കാർഷിക ഉപകരണങ്ങൾ ഉപയോഗമില്ലാതെ വിവിധ ഇടങ്ങളിൽ സൂക്ഷിച്ചിരിക്കുന്നത് സംബന്ധിച്ച് | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2015-16 | 3-3 | 2016-17 | 9.3.2 | ജലവിതരണവും സാമ്പത്തിക ബാധ്യതയും | ഭാഗികമായി സംയുക്ത പരിശോധന പൂർത്തിയാക്കി |

## 4-8 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ഈ ഇനത്തിൽ തുകയൊന്നും ഈടാക്കിയിട്ടില്ല.

# 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 88727886.54 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 83263920 |
| വരവിനങ്ങളിലുള്ള നഷ്ടം | 2000 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 9039 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 713839+345000 = 1058839 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-7 | 2000 | | ദിനേഷ്. കെ. സെക്രട്ടറി |
| 3-2 | | 9039 (പിഴ) | സിനി. എസ്. അസി. എഞ്ചിനീയർ (എൽ.എസ്.ജി.ഡി) |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 345000 | ലാലു.കെ.<br>വി ഇ ഒ |
| 3-3 | 713839 | പാർവ്വതി.പി.<br>ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 3-18 | 199998 | ജയലക്ഷ്മി.കെ.<br>ഡയറി എക്സ്റ്റൻഷൻ ഓഫീസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

- ഒന്നുമില്ല-

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| | |
|---|---|
| ഖണ്ഡിക നമ്പർ | ഖണ്ഡിക 3-1 |

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| പാർവ്വതി.പി.<br>ഐ.സി.ഡി.എസ്.<br>സൂപ്പർവൈസർ | വിരമിച്ചു | ഇടക്കാട് ഹൗസ്<br>ചിതലി (പി.ഒ)<br>കുഴൽമന്ദം |
| ലാലു.കെ.<br>വി ഇ ഒ | തേങ്കുറുശ്ശി ഗ്രാമ പഞ്ചായത്ത് | ധന്യം<br>കിണാശ്ശേരി<br>പാലക്കാട്-678701 |
| ജയലക്ഷ്മി.കെ.<br>ഡയറി എക്സ്റ്റൻഷൻ | പരപ്പ ബ്ലോക്ക് പഞ്ചായത്ത് | കൃഷ്ണാഞ്ജലി ഹൗസ്<br>തോട്ടപ്പടി |

| | | |
|---|---|---|
| ഓഫീസർ | കാസറഗോഡ് | മണ്ണത്തി |
| സിനി. എസ്.<br>അസി. എഞ്ചിനീയർ<br>(എൽ.എസ്.ജി.ഡി) | ആര്യാട് ബ്ലോക്ക്<br>പഞ്ചായത്ത്<br>ആലപ്പുഴ | തെക്കേത്തണലിൽ<br>ഹൗസ്<br>കൊട്ടംമ്പ്രക്കാട്<br>ചേർത്തല (പി ഒ)<br>ആലപ്പുഴ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1996-97 | എൽ.എഫ്.പി 7/276/98/ 24.09.1998 | 14 | റിപ്പോർട്ട് |
| 1997-98 | എൽ.എഫ്.പി-891/98/ 1.11.2005 | 1 | പുനരഭിപ്രായം |
| 1998-99 | എൽ.എഫ്.പി- 12-929/02 / 7.10.2002 | 8 | പുനരഭിപ്രായം |
| 1999-2000 | എൽ.എഫ്.പി12-929 /2002/7.10.2002 | | സർചാർജ്ജ് നടപടി |
| 2000-01 | എൽ.എഫ്.പി 13/14/ 2005/26.10.2005 | 4 | പുനരഭിപ്രായം |
| 2001-02 | എൽ.എഫ്.പി 13/106 /2005/7.8.16 | 2 | പുനരഭിപ്രായം |
| 2002-03 | എൽ.എഫ്.പി15/932 /2005/7.08.16 | 2 | പുനരഭിപ്രായം |
| 2003-04 | എൽ.എഫ്.പി15/1710 /2008/8.9.18 | 6 | പുനരഭിപ്രായം |
| 2004-05 | എൽ.എഫ്.പി-15/361 /2011/5.3.11 | 4 | പുനരഭിപ്രായം |
| 2005-06 | എൽ.എഫ്.പി-15/1921 /2015/14.01.16 | 1 | പുനരഭിപ്രായം |
| 2006-07 | എൽ.എഫ്.പി15-1250 /2011/8.8.11 | | പുനരഭിപ്രായം |

| | | | |
|---|---|---|---|
| 2007-08 | എൽ.എഫ്.പി 15/1921 /2015/14.01.16 | 2 | സാധൂകരണം |
| 2008-09 | എൽ.എഫ്.പി 15/1208/2014 /8.8.14 | 3 | കത്ത് |
| 2009-10 | എൽ.എഫ്.പി-15/ 121/2014/29.03.2014 | 1 | ശുദ്ധിപത്രം |
| 2010-11 | എൽ.എഫ്.പി-15/1533 /2015/10.09.2015 | 2 | സർചാർജ്ജ് നടപടി |
| 2011-12 | എൽ.എഫ്.പി-15/1941 /2014/17.11.2014 | 2 | പുനരഭിപ്രായം |
| 2012-13 | എൽ.എഫ്.പി-15-1026/2015/5.03.16 | 4 | പുനരഭിപ്രായം |
| 2013-14<br>2014-15 | കെ.എസ്.എ പി.കെ.ഡി15/364 /16/29.3.16 | 15 | പുനരഭിപ്രായം |
| 2015-16 | കെ.എസ്.എ പി.കെ.ഡി15/ 123/17 /27.01.17 | 2 | പുനരഭിപ്രായം |
| 2016-17 | കെ.എസ്.എ പി.കെ. ഡി15/1345/17/26.07.17 | 4 | പുനരഭിപ്രായം |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്

# അനുബന്ധം -1

# ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ സ.ഉ(സാധാ)1413/2018/ ത.സ്വ.ഭ.വ നമ്പർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും തേഞ്ഞിപ്പലം ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

*ഡെപ്യൂട്ടി ഡയറക്ടർ*

2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

1. കനറാ ബാങ്ക് തനത് ഫണ്ട് അക്കൗണ്ടിലെ 4 ചെക്കുകളും ട്രഷറി ടിഎസ്ബി അക്കൗണ്ടിലെ ഒരു ചെക്കും 'കാലാവധി കഴിഞ്ഞ ചെക്കുകൾ' എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.
2. വാർഷിക ധനകാര്യ പത്രികയിലെ വസ്തുനികുതി ഡിമാന്റും കളക്ഷനും തമ്മിലുള്ള വ്യത്യാസമല്ല ബാലൻസ്ഷീറ്റിൽ ഉൾപ്പെട്ടിരിക്കുന്നത്. വാർഷിക കണക്കിലെയും ഡിസിബി അരിയർ ഡിമാന്റ് രജിസ്റ്ററിലെയും തുകകൾ പൊരുത്തപ്പെടുന്നില്ല.
3. തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.
4. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ ആസ്തികൾക്ക്

തൻവർഷത്തേയ്ക്കുള്ള ഡിപ്രിസിയേഷൻ രേഖപ്പെടുത്തിയിട്ടില്ല.

5. പാർട്ട് ബിൽ ആയി നൽകുന്ന തുകകൾ capital work in progress എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഫൈനൽ ബിൽ നൽകുന്ന മുറയ്ക്ക് തുകകൾ അതാത് ആസ്തികളിലേയ്ക്ക് വരവ് വച്ചിട്ടുണ്ട്. വർക്ക്ഷീറ്റ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

6. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

7. നിർവഹണോദ്യോഗസ്ഥർ പഞ്ചായത്തിൽ നിന്നുള്ള വരവു ചെലവുകൾ രേഖപ്പെടുത്തുന്നതിന് സബ്സിഡിയറി രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

8. വാർഷിക ധനകാര്യ പത്രിക പ്രകാരം 460100103 എന്ന ഹെഡിൽ ₹641568/- അഡ്വാൻസ് തുകയായി നൽകിയിരുന്നതിൽ നിന്ന് റീക്കുപ്പ് ചെയ്ത തുക ₹ 531697/- കുറച്ചാൽ ₹ 122030/- ആണ് ബാലൻസ് ആയി വരേണ്ടത്. എന്നാൽ ബാലൻസ് ഷീറ്റിൽ ₹ 112747/- ആണ് ( വ്യത്യാസം ₹ 9283/-).

*ഡെപ്യൂട്ടി ഡയറക്ടർ*

# അനുബന്ധം-2

## പത്രികകൾ

(എ) റസീപ്റ്റ് & പെയ്മെന്റ് സംക്ഷിപ്തം

| | RECEIPT & PAYMENT STATEMENT For the period from 01-April-2017 to 31-March-2018 | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 14623269.54 |
| Cash | Cash | RP-40(a) | 23029.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 732020.00 |
| 130000000 | Rental income from Panchayat Properties | RP-3 | 119175.00 |
| 140000000 | Fees & User Charges | RP-4 | 311153.00 |
| 150000000 | Sale & Hire Charges | RP-5 | 407364.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 63148492.00 |
| 171000000 | Interest Earned | RP-9 | 282039.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 4358097.00 |
| 350000000 | Other Liabilities | RP-36 | 103185.00 |
| | Non Operating | | |
| 170000000 | Income from Investments | RP-8 | 0.0 |
| 180000000 | Other Income | RP-10 | 22472.00 |
| 340000000 | Deposits Received | RP-34 | 323343.00 |
| 350000000 | Other Liabilities | RP-36 | 158777.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 2964240.00 |
| 460000000 | Loans, Advances and Deposits | RP-47 | 1151231.00 |
| | Grand total | | 88727886.54 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2566606.00 |
| 220000000 | Administrative Expenses | RP-12 | 1359347.00 |
| 230000000 | Operations & Maintenance | RP-13 | 3440405.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 6698499.00 |

| | | | |
|---|---|---|---|
| 251000000 | Decentralised Plan Programme- Service Sector | RP-16 | 22681070.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 1585598.00 |
| 253000000 | Decentralised Plan Programme- Projects not included in | RP-18 | 215060.00 |
| | Sector Division | | |
| 254000000 | Expenditures of Transferred institutions and State Sponsored | RP-19 | 1403710.00 |
| 255000000 | Maintenance Projects | RP-20 | 10095796.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 24000.00 |
| 280000000 | Prior Period item | RP-26 | -80375.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 1504273.00 |
| 350000000 | Other Liabilities | RP-36 | 5009609.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 5058.00 |
| 270000000 | Provisions and Write off | RP-23 | 0.0 |
| 340000000 | Deposits Received | RP-34 | 274264.00 |
| 350000000 | Other Liabilities | RP-36 | 2057180.00 |
| 410000000 | Fixed Assets | RP-38 | 13317575.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 9721938.00 |
| 460000000 | Loans, Advances and Deposits | RP-47 | 1384307.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 5460409.54 |
| Cash | Cash | RP-40(b) | 3557.00 |
| | Grand Total | | 88727886.54 |

## (ബി) ഇൻകം & എക്സ്പെൻഡിച്ചർ സംക്ഷിപ്തം

| INCOME & EXPENDITURE STATEMENT For the period from 01-April-2017 to 31-March-2018 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |

| | | | |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 3157287.45 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 360835.00 |
| 140000000 | Fee & User Charges | I-4(b) | 423853.00 |
| 150000000 | Sale & Hire Charges | I-5(b) | 448290.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 120404375.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 282039.00 |
| 180000000 | Other Income | I-9 | 22472.00 |
| | Total Income | | 125099151.45 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 9150418.00 |
| 220000000 | Administrative Expenses | I-11(b) | 1356871.00 |
| 230000000 | Operations & Maintenance | I-12(b) | 3569161.00 |
| 240000000 | Interest & Finance Charges | I-13 | 5058.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 11042643.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 32245820.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 1585598.00 |

| | | | |
|---|---|---|---|
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 215060.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 49428510.00 |
| 255000000 | Maintenance Projects | I-14(e) | 10095796.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 24000.00 |
| 270000000 | Provisions and Write off | I-16 | 0.0 |
| Total Expenditure | | | 118718935.00 |
| | Gross Surplus/ Deficit of income over Expenditure | | 6380216.45 |
| 280000000 | Prior Period Item | I-18 | -80375.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 6460591.45 |
| 290000000 | Transfer to Reserve Funds I-18(a) | | 0.0 |

(സി) ബാലൻസ് ഷീറ്റ് സംക്ഷിപ്തം

| Balance Sheet For the period from 01-April-2017 to 31-March-2018 | | |
|---|---|---|
| Code.No | Description of Items | Amount |
| | LIABILITIES | |
| | Reserve & Surplus | |
| 310000000 | Panchayat / Municipal Fund | 30038176.50 |
| 312000000 | Reserves | 60521505.00 |
| | Total Reserve & Surplus | 90559681.50 |
| | Grants, Contributions for Specific Purposes | |
| 320000000 | Grants, Funds & Contribution for Specific Purposes | 3513998.54 |
| | Total Grants, Contributions for Specific Purposes | 3513998.54 |
| | Loans | |
| | Current Liabilities & Provisions | |
| 340000000 | Deposits Received | 395983.00 |
| 350000000 | Other Liabilities | 718001.50 |
| | Total Current Liabilities and Provisions | 1113984.50 |
| | TOTAL LIABILITIES | 95187664.54 |
| | ASSETS | |
| | Fixed Assets | |
| 410000000 | Fixed Assets | 79543769.00 |
| 412000000 | Capital Work in Progress | 0.0 |
| | Total Fixed Assets | 79543769.00 |
| | Investments | |
| | Current Assets, Loans and Advances | |
| 430000000 | Stock-in-hand | 292756.00 |

| | | |
|---|---|---|
| 431000000 | Sundry Debtors (Receivables) | 9721938.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | 0.0 |
| 450000000 | Cash and Bank Balance | 5463966.54 |
| 460000000 | Loand, Advances and Deposits | 165235.00 |
| | Total Current Assets, Loans and Advances | 15643895.54 |
| | Total Current Assets, Loans and Advances | 0.0 |
| | Other Assets | |
| | Miscellaneous Expenditure (To the Extent not written off) | |
| | TOTAL ASSETS | 95187664.54 |